# Family and Tent-Meeting Prayers

# കുടുംബ-കൂടാരയോഗ പ്രാർത്ഥനകൾ

(കൂടാരയോഗത്തിനും കുടുംബങ്ങളിലെ സായാഹനപ്രാർത്ഥനയ്ക്കുംവേണ്ടി
സീറോ-മലബാർസഭയുടെ ആരാധനക്രമമനുസരിച്ചു തയ്യാറാക്കിയത്)



**Published by:**

***KNANAYA CATHOLIC REGION***

***St. Thomas Syro-Malabar Catholic Diocese of Chicago***

*(For private use only)*




# കുടുംബ-കൂടാരയോഗ പ്രാർത്ഥനകൾ

മാതാവിന്റെ ജപമാല: പേജ് 20
കരുണക്കൊന്ത: പേജ് 26

## Family and Tent-Meeting Prayers

**Prayers in English: Page 27**



### *ദീപം തെളിക്കൽ*

**കാർമ്മി:** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, അങ്ങേ പ്രമാണങ്ങൾ ഞങ്ങളുടെ പാദങ്ങക്ക വിളക്കും ഞങ്ങളുടെ വഴികളിൽ പ്രകാശവുമായി ഭവിക്കട്ടെ.

### *കുരിശടയാളം*

**സമൂഹം:** വിശുദ്ധ കുരിശിന്റെ അടയാളത്താൽ ഞങ്ങളുടെ ശത്രുക്കളിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ഞങ്ങളുടെ തമ്പുരാനേ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

### *ത്രിസന്ധ്യാജപം*

*(സാധാരണ ദിവസങ്ങളിൽ / പരിശുദ്ധ ത്രീത്വത്തിന്റെ തിരുന്നാൾ മുതൽ വലിയ ബുധൻ വരെ)*

**കാർമ്മി:** കർത്താവിന്റെ മാലാഖാ പരിശുദ്ധ മറിയത്തോട് വചിച്ചു. പരിശുദ്ധാത്മാവിനാൽ മറിയം ഗർഭം ധരിച്ചു.
നന്മനിറഞ്ഞ മറിയമേ ...
**കാർമ്മി:** ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എന്നിലാകട്ടെ.
നന്മനിറഞ്ഞ മറിയമേ ...
**കാർമ്മി:** വചനം മാംസമായി, നമ്മുടെ ഇടയിൽ വസിച്ചു
നന്മനിറഞ്ഞ മറിയമേ ...
**കാർമ്മി:** ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ.
**സമൂഹം:** സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമെ.

**കാർമ്മി:** പ്രാർത്ഥിക്കാം, ***(സമൂഹവും കൂടി)*** സർവ്വേശ്വരാ, മാലാഖായുടെ സന്ദേശത്താൽ / അങ്ങയുടെ പുത്രനായ ഈശോമിശിഹായുടെ / മനുഷ്യാവതാരവാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ / അവിടുത്തെ പീഢാനുഭവവും കുരിശുമരണവും മുഖേന / ഉയിർപ്പിന്റെമഹിമ പ്രാപിക്കാൻ അനുഗ്രഹിക്കണമേയെന്ന് / ഞങ്ങളുടെ കർത്താവായ ഈശോമിശിഹാവഴി / അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിയിലേപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

***(മൂന്നു പ്രാവശ്യം)***

**കാർമ്മി:** ഈശോയുടെ എത്രയും പരിശുദ്ധ തിരുഹൃദയമേ!

**സമൂഹം:** അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

***(മൂന്നു പ്രാവശ്യം)***

***(ശേഷം പേജ് 3, കോളം 1)***

---

### *വിശുദ്ധവാര ത്രിസന്ധ്യാജപം*

*(വലിയബുധൻ മുതൽ ഉയിർപ്പുഞായർവരെ)*

**കാർമ്മി:** മിശിഹാ നമുക്കുവേണ്ടി മരണത്തോളം കീഴ്വഴങ്ങി; അതെ അവിടുന്ന് കുരിശുമരണത്തോളം കീഴ്വഴങ്ങി; അതിനാൽ സർവ്വേശ്വരൻ അവിടുത്തെ ഉയർത്തി. എല്ലാ നാമത്തേയുംകാൾ ഉന്നതമായ നാമം അവിടുത്തേയ്ക്കു നല്കി.

പ്രാർത്ഥിക്കാം: ***(സമൂഹവും കൂടി)*** സർവ്വേശ്വരാ, ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ / മർദ്ദകരുടെ കൈകളിൽ ഏൽപ്പിക്കപ്പെട്ട് / കുരിശിലെ പീഢകൾ സഹിച്ചു രക്ഷിച്ചു / ഞങ്ങളെ തൃക്കൺപാർക്കണമെയെന്ന് / എന്നേയ്ക്കും ജീവിച്ചു വാഴുന്ന ഞങ്ങളുടെ കർത്താവീശോമിശിഹാ വഴി / അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിയിലേപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

***(മൂന്നു പ്രാവശ്യം)***

**കാർമ്മി:** ഈശോയുടെ എത്രയും പരിശുദ്ധ തിരുഹൃദയമേ!

**സമൂഹം:** അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

***(മൂന്നു പ്രാവശ്യം)***

***(ശേഷം പേജ് 3, കോളം 1)***

---

### *പെസഹാക്കാല ത്രിസന്ധ്യാജപം*

*(ഉയിർപ്പുതിരുനാൾ മുതൽ പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾവരെ)*

**കാർമ്മി:** സ്വർല്ലോക രാജ്ഞീ ആനന്ദിച്ചാലും.
**സമൂഹം:** ഹല്ലേലൂയ്യാ!

**കാർമ്മി:** എന്തെന്നാൽ ഭാഗ്യവതിയായ അങ്ങയുടെ തിരുവുദരത്തിൽ അവതരിച്ചയാൾ.
**സമൂഹം:** ഹല്ലേലൂയ്യാ!

**കാർമ്മി:** അരുളിച്ചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു.
**സമൂഹം:** ഹല്ലേലൂയ്യാ!

**കാർമ്മി:** ഞങ്ങൾക്കുവേണ്ടി സർവ്വേശ്വരനോടു പ്രാർത്ഥിക്കണമെ.
**സമൂഹം:** ഹല്ലേലൂയ്യാ!

**കാർമ്മി:** കന്യകാമറിയമേ, ആമോദിച്ചാനന്ദിച്ചാലും.
**സമൂഹം:** ഹല്ലേലൂയ്യാ!

**കാർമ്മി:** എന്തെന്നാൽ കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു.
**സമൂഹം:** ഹല്ലേലൂയ്യാ!

**കാർമ്മി:** പ്രാർത്ഥിക്കാം: ***(സമൂഹവും കൂടി)*** സർവ്വേശ്വരാ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ / ഈശോമിശിഹായുടെ ഉത്ഥാനത്താൽ / ലോകത്തെ ആനന്ദിപ്പിക്കുവാൻ / അങ്ങു തിരുമനസ്സായല്ലോ. അവിടുത്തെ മാതാവായ കന്യകാമറിയം മുഖേന / ഞങ്ങൾ നിത്യാനന്ദം പ്രാപിക്കുവാൻ / അനുഗ്രഹം നല്കണമേയെന്ന് / അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിയിലേപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

***(മൂന്നു പ്രാവശ്യം)***

**കാർമ്മി:** ഈശോയുടെ എത്രയും പരിശുദ്ധ തിരുഹൃദയമേ!

**സമൂഹം:** അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

***(മൂന്നു പ്രാവശ്യം)***

---

***(ത്രിസന്ധ്യാജപത്തെ തുടർന്ന്)***

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, / ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമേ / അങ്ങയുടെ രാജ്യം വരണമേ / അങ്ങയുടെ തിരുമനസ്സ് / സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകണമേ. / ഞങ്ങൾക്ക് ആവശ്യമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമേ. / ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ / ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. / ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. / ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. / എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും / എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, / അങ്ങയുടെ മഹത്വത്താൽ / സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും / അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ / എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഞങ്ങളുടെ ദൈവമായ കർത്താവേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും പുകഴ്ത്തുകയും, അങ്ങയുടെ അനന്തമായ അനുഗ്രഹങ്ങൾക്ക് നന്ദി പറയുകയും ചെയ്യുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ

**സങ്കീർത്തനം**

*(കാലമനുസരിച്ചുള്ള ഭാഗം കാണുക).*


| | | |
|---|---|---|
| മംഗലവാർത്തക്കാലം .......... | പേജ് 3 | കോളം 2 |
| പിറവിത്തിരുന്നാൾ ............ | പേജ് 4 | കോളം 1 |
| ദനഹാക്കാലം .................... | പേജ് 4 | കോളം 2 |
| നോമ്പുകാലം ..................... | പേജ് 5 | കോളം 1 |
| ഉയിർപ്പുകാലം ................... | പേജ് 6 | കോളം 1 |
| ശ്ലീഹാക്കാലം .................... | പേജ് 6 | കോളം 2 |
| കൈത്താക്കാലം ................ | പേജ് 7 | കോളം 1 |
| ഏലിയാ-സ്ലീവാ-മൂശാക്കാലങ്ങൾ | പേജ് 7 | കോളം 2 |
| പള്ളിക്കൂദാശാക്കാലം .......... | പേജ് 8 | കോളം 2 |


**മംഗലവാർത്തക്കാലം**

*സങ്കീർത്തനം 98*

*(രീതി: കർത്താവേ മമരാജാവേ ...)*

കർത്താവിന്നപദാനങ്ങൾ
വാഴ്ത്തുക പുതിയൊരു ഗാനത്തിൽ
അത്ഭുതകരമാമവിടുത്തെ
കൃത്യാവലികൾ വർണ്ണിപ്പിൻ

ഭൂതലമഖിലം സാമോദം
നാഥനു ഗീതികൾ പാടട്ടെ
പ്രീതിയൊടാർത്തു വിളിച്ചീടാം
പാടാം നാഥനു സ്തുതിഗീതം.

ഇമ്പമൊടിന്നു മുഴക്കീടാം
കൊമ്പും കുഴലും കിന്നരവും
വാദ്യ വിശേഷ പരമ്പരയാൽ
വാഴ്ത്തുക രാജ മഹോന്നതനെ.

ആനന്ദത്തിരമാലകളായ്
ആർത്തു വിളിക്കാം സന്നിധിയിൽ
ആഴിയുമതിലെ ജീവികളും
ഊഴിയുമതിലെ നിവാസികളും.

സ്വരമുച്ചത്തിലുയർത്തട്ടെ
കരഘോഷത്താലരുവികളും
ഒരുമിച്ചാർത്തു വിളിക്കട്ടെ
ഗിരിശിഖരങ്ങൾ തിരുമുമ്പിൽ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതു പോലെ
ആമ്മേനാമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** കർത്താവായ ദൈവമേ, സ്വപുത്രനെ ലോകത്തിലേക്കയച്ച സ്നേഹനിധിയായ പിതാവേ, രക്ഷകനായ ദൈവസുതനെ സ്വീകരിക്കുവാനായി ഒരുങ്ങുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. പഴയ നിയമകാലത്ത് ഇസ്രായേൽക്കാർ നൂറ്റാണ്ടുകളായി അവിടുത്തെ വരവിനെ പ്രതീക്ഷിച്ചിരുന്നുവല്ലോ. പുതിയ ഇസ്രായേലായ ഞങ്ങൾ വിശ്വാസത്തോടും പ്രതീക്ഷയോടും ശരണത്തോടുംകൂടി അങ്ങയുടെ ദിവ്യപുത്രനെ സ്വീകരിക്കുവാൻ കൃപചെയ്യണമേ. തിരുപ്പിറവിയിൽ ബേത്‌ലഹേമിലെ തിരുകുടുംബം അനുഭവിച്ച സന്തോഷത്തിലും സമാധാനത്തിലും ഞങ്ങളെയും പങ്കുകാരാക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പൊതു സങ്കീർത്തനം, പേജ് 9, കോളം 1).*

**പിറവിത്തിരുനാൾ**

*സങ്കീർത്തനം 97*

*(രീതി: കർത്താവേ മമരാജാവേ ...)*

കർത്താവെന്നും വാഴുന്നു
നിത്യം ഭൂമിക്കാമോദം
ആനന്ദത്തിൽ മുഴുകട്ടെ
ദ്വീപസമൂഹവുമനവരതം.

പാർത്തലമാകെ ഭരിച്ചീടും
കർത്താവിൻ തിരുസന്നിധിയിൽ
മെഴുകായുരുകിയൊലിക്കുന്നു
കൊടുമുടി പൊങ്ങും ശൈലങ്ങൾ.

നിസ്തുലമാകും തൻനീതി
ഉദ്ഘോഷിക്കുന്നാകാശം
ജനതകളെല്ലാമവിടുത്തെ
മഹിമകൾ കണ്ടു നമിക്കുന്നു.

കർത്താവേ, നീ അഖിലാണ്ഡം
കാത്തിടുമധിപൻ സ്തുത്യർഹൻ
എല്ലാ ദേവഗണങ്ങളിലും
വല്ലഭനുന്നതനല്ലോ നീ.

നീതിയിൽ വാഴും മാനവരേ,
മോദിച്ചീടുക കർത്താവിൽ
നന്ദിയൊടാ തിരുനാമത്തെ
എന്നും വാഴ്ത്തി നമിച്ചിടുവാൻ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതു പോലെ
ആമ്മേനാമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി / മനുഷ്യാവതാരംചെയ്ത മിശിഹായേ, നിന്നെ ഞങ്ങൾ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ഈ മഹനീയസംഭവം അനുസ്മരിക്കുന്ന ഞങ്ങൾ, തിരുസ്സഭ മുഴുവനോടും ചേർന്നു സന്തോഷിക്കുന്നു. പാപാന്ധകാരത്തിൽ കഴിഞ്ഞവർക്ക് / നിത്യജീവന്റെ പ്രകാശം നല്കുവാനായി പിറന്ന ദൈവപുത്രാ / തിന്മയുടെ പാതവെടിഞ്ഞ് സത്യത്തിന്റെ മാർഗ്ഗത്തിലൂടെ ജീവിതകാലം മുഴുവനും / നിന്നെ അനുഗമിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. മാലാഖാമാരോടും, ഉണ്ണീശോയെ ആരാധിച്ച ആട്ടിടയരോടും ചേർന്ന് / നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പൊതു സങ്കീർത്തനം, പേജ് 9, കോളം 1).*

**ദനഹാക്കാലം**

*സങ്കീർത്തനം 96*

*(രീതി: കർത്താവേ മമരാജാവേ ...)*

കർത്താവിന്നപദാനങ്ങൾ
കീർത്തിപ്പിൻ പുതു ഗാനത്തിൽ
വാഴ്ത്തിപ്പാടിനമിക്കട്ടെ
പാരിടമെല്ലാമുടയവനെ.

വാഴ്ത്തുക തൻതിരുനാമവുമാ
രക്ഷയുമെന്നും കീർത്തിപ്പിൻ
ജനതകൾ മദ്ധ്യേ കർത്താവിൻ
മഹിമകൾ നിതരാം ഘോഷിപ്പിൻ.

വാഴ്ത്തുക ജനമേ കർത്താവിൻ
നിസ്തുല ശക്തി മഹത്വങ്ങൾ
തിരുനാമത്തിനു ചേർന്ന വിധം
മഹിത സ്തുതികളുയർത്തിടുവിൻ.

തൃക്കാഴ്ചകളോടവിടുത്തെ
തിരു മുറ്റത്തു പ്രവേശിപ്പിൻ
നിർമ്മല വസ്ത്ര വിഭൂഷിതരായ്
ആരാധിച്ചു വണങ്ങിടുവിൻ.

നീതി വിധിക്കും കർത്താവിൻ
നാമം ജനതകൾ വാഴ്ത്തട്ടെ
വന വൃക്ഷങ്ങൾ വയലുകളും
പുളകിതഗീത മുതിർക്കട്ടെ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേയ്ക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** കർത്താവായ ദൈവമേ, ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി അങ്ങയുടെ തിരുക്കുമാരനെ നല്കിയ അനന്തസ്നേഹ ത്തിന് ഞങ്ങൾ നന്ദി പറയുന്നു. ഇവനെന്റെ പ്രിയ പുത്രനാകുന്നു ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന സന്ദേശത്തിലൂടെ സ്വപുത്രനെ ലോകത്തിന് വെളിപ്പെടു ത്തിയ പിതാവേ, അങ്ങേ തിരുക്കുമാരൻവഴി ഞങ്ങളും പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ദൈവിക ജീവനിൽ വള രുവാൻ കൃപചെയ്യണമേ. ഞങ്ങളുടെ ചിന്തയിലും സംസാര ത്തിലും പ്രവൃത്തിയിലും ജീവിതാന്ത്യംവരെ നിനക്കു സാക്ഷികളാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ദൈ വിക ജീവന്റെ ഉറവിടമായ പരിശുദ്ധാത്മാവേ, നിന്റെ ദാനങ്ങൾ വഴി ദൈവമക്കളുടെ ഗണത്തിലേയ്ക്ക് ഞങ്ങളെ നയിക്കേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

**സമൂഹം :** ആമ്മേൻ.

*(പൊതു സങ്കീർത്തനം, പേജ് 9, കോളം 1).*

**നോമ്പുകാലം**
*സങ്കീർത്തനം 144*
*(രീതി: കർത്താവേ മമരാജാവേ ...)*

നാഥാ നിന്റെ വിശുദ്ധന്മാർ
നിതരാം നിന്നെ വണങ്ങുന്നു
നിൻ രാജ്യത്തിൻ മഹിമയവർ
വർണ്ണിച്ചീടും വിനയമോടെ.

വീഴുന്നവരെ കനിവോടെ
നാഥൻ താങ്ങി നിറുത്തുന്നു
നിപതിച്ചവരെ സകലരേയും
സദയം താങ്ങിയുയർത്തുന്നു.

കണ്ണുകളെല്ലാം കർത്താവേ
നിന്നെത്തന്നെ തേടുന്നു
എന്തെന്നാൽ നീയാഹാരം
ചിതമാം സമയത്തേകുന്നു.

ഉള്ളു തുറന്നു വിളിക്കുമ്പോൾ
നാഥനടുത്തുണ്ടതു കേൾക്കാൻ
തന്നെ ഭയത്തൊടു സേവിക്കും
നരരുടെയിഷ്ടമവൻ ചെയ്യും.

അവരുടെ യാചന കേൾക്കുമവൻ
രക്ഷയവർക്കവനേകീടും
ഭക്ത ജനങ്ങളെയഖിലേശൻ
സദയം കാത്തരുളീടുന്നു.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതു പോലെ
ആമ്മേനാമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** അനുതാപികളെ, പൈതൃക സ്നേഹത്തോടെ സദാ സ്വീകരിക്കുന്ന കാരുണ്യവാനായ ദൈവമേ, ഞങ്ങ ളുടെ ബലഹീനതയും അവിശ്വസ്തതയും പരിഗണിക്കരുതേ. ദൈവമേ, ഞങ്ങളോടു കരുണ തോന്നണമേ. ദയാപൂർവ്വം ഞങ്ങളുടെ പാപങ്ങൾ മായിച്ചു കളയണമേ. ഞങ്ങളുടെ അപരാധങ്ങൾ കഴുകിക്കളയുകയും / തെറ്റുകൾ തുടച്ചു മാറ്റു കയും ചെയ്യണമേ. എന്തുകൊണ്ടെന്നാൽ ഞങ്ങളുടെ പാപ ങ്ങൾ ഞങ്ങൾ അറിയുന്നു. ഞങ്ങളുടെ തെറ്റുകളെല്ലാം കണ്ടു കൊണ്ടിരിക്കുന്നു. ഞങ്ങളോടു കാരുണ്യപൂർവ്വം ക്ഷമിക്ക ണമേ. അധഃപ്പതിച്ചുപോയ ഞങ്ങളെ രക്ഷിക്കുകയും മൃത രായ ഞങ്ങളെ / അങ്ങയുടെ അനുഗ്രഹത്താൽ ശക്തരാക്കു കയും ചെയ്യണമേ. അശുദ്ധിയിലും വഞ്ചനയിലും ദുഷ്ടത യിലുംനിന്ന് ഞങ്ങളെ രക്ഷിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പൊതു സങ്കീർത്തനം, പേജ് 9, കോളം 1).*

**ഉയിർപ്പുകാലം**
*സങ്കീർത്തനം 46,47,48*
*(രീതി: കർത്താവേ മമരാജാവേ ...)*

സൈന്യങ്ങൾ തന്നധിനാഥൻ
നമ്മോടൊത്തു വസിക്കുന്നു
യാക്കോബിൻ ബലമാം ദൈവം
ഓർക്കുകിൽ നമ്മുടെയവലംബം.

കരഘോഷങ്ങൾ മുഴക്കിടുവിൻ
തിരുസന്നിധിയിൽ ജനതകളേ
ആഹ്ലാദാരവമുയരട്ടെ
ദൈവത്തിൻ തിരുഭവനത്തിൽ.

ദൈവ സ്തുതികൾ പാടിടുവിൻ
സ്തോത്രം ചെയ്തു പുകഴ്ത്തിടുവിൻ
കീർത്തന ഗീതം മീട്ടിടുവിൻ
നമ്മുടെ രാജാവവനല്ലോ.

ഭൂമിക്കെല്ലാ മധിപനവൻ
അവനായ് ഗീതം പാടുകനാം
ദൈവം ജനതയ്ക്കധി നാഥൻ
സിംഹാസനത്തിൽ വാഴുന്നു.

കർത്താവുന്നതനാകുന്നു
സ്തുത്യർഹൻ നിജ നഗരത്തിൽ
ഉന്നതമവനുടെ പുണ്യഗിരി
മന്നിനു മുഴുവൻ സാഘോഷം.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതു പോലെ
ആമ്മേനാമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** മഹത്വമേറിയ ഉത്ഥാനത്താൽ മരണത്തെ പരാജയപ്പെടുത്തുകയും മനുഷ്യഗണത്തെ ദിവ്യാനന്ദത്താൽ നവീകരിക്കുകയും ചെയ്ത മിശിഹായേ, ഞങ്ങൾ നിന്നെ ആരാധിക്കുന്നു. തന്റെ ജീവിതത്തിലൂടെ പിതാവിന്റെ ഹിതം നിറവേറ്റിയ കർത്താവേ, ഞങ്ങളിൽ ഓരോരുത്തരിലും, ഈ സമൂഹത്തിലും, ഇടവകയിലും തിരുസഭയിലും നിന്റെ തിരുവിഷ്ടം സദാ നിറവേറ്റുവാൻ ഇടവരുത്തണമേ. നിന്റെ സമാധാനത്തിനും ആനന്ദത്തിനും ഞങ്ങളെ അർഹരാക്കണമേ. മഹത്ത്വപൂർണ്ണമായ ഉത്ഥാനത്തിലൂടെ നിന്റെ ശിഷ്യഗണത്തിന് നല്കിയ സ്ഥിരവിശ്വാസവും ദൃഢപ്രതീക്ഷയും പരിപൂർണ്ണ സ്നേഹവും വഴി ഞങ്ങളേയും ദിവ്യാനന്ദത്താൽ നിറയ്ക്കണമേ. നിഷ്കളങ്ക ഹൃദയത്തോടെ നിന്നെ നിരന്തരം പാടിപ്പുകഴ്ത്തുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ.

*(പൊതു സങ്കീർത്തനം, പേജ് 9, കോളം 1).*

**ശ്ലീഹാക്കാലം**
*സങ്കീർത്തനം 145*
*(രീതി: കർത്താവേ മമരാജാവേ ...)*

എന്നാത്മാവേ പാടുക നീ
കർത്താവിൻ സ്തുതി ഗീതങ്ങൾ
ജീവിതകാലം മുഴുവൻ ഞാൻ
നാഥനു ഗീതികൾ പാടീടും.

ഞാനീ മന്നിൽക്കഴിവോളം
ദൈവസ്തുതികൾ പാടീടും
അരചനിലോ നരനൊരുവനിലോ
ശരണം തേടാൻ തുനിയരുതേ.

കനിവൊടു കർത്താവേകുന്നു
പശിയുള്ളോർക്കിങ്ങാഹാരം
ബന്ധിതരായോർക്കെന്നെന്നും
നാഥൻ മോചനമേകുന്നു.

കുരുടന്മാരുടെ നയനങ്ങൾ
കർത്താവാണു തുറന്നിടുവോൻ
താഴ്ന്ന മുഖങ്ങളുയർത്തിടുവോൻ
കർത്താവല്ലോ എന്നാളും.

കർത്താവല്ലോ വാഴുന്നു
എന്നാളും ഭരണാധിപനായ്
സെഹിയോനേ നിൻ ദൈവത്തിൻ
ഭരണം നിതരാം നിലനിൽക്കും.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതു പോലെ
ആമ്മേനാമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** പരിശുദ്ധാത്മാവിനെ നല്കി ശ്ലീഹന്മാരെ ശക്തിപ്പെടുത്തിയ കർത്താവേ, അങ്ങയുടെ അരൂപിയാൽ ഞങ്ങളേയും നിറയ്ക്കണമേ. നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുവിൻ എന്ന് ആഹ്വാനംചെയ്ത കർത്താവേ, ഞങ്ങളെയും പ്രേഷിതരാക്കണമേ. അനുദിന ജീവിതത്തിലൂടെ അങ്ങേയ്ക്കു സാക്ഷികളാകുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ. ഈ സുവിശേഷ ചൈതന്യം ഞങ്ങളുടെ സകല പ്രവർത്തനങ്ങളിലും പ്രകടമാക്കുവാൻ കൃപ ചെയ്യണമേ. ലോകാവസാനംവരെ ഞാൻ നിങ്ങളോടുകൂടെ

ഉണ്ടായിരിക്കും എന്നരുളിയ മിശിഹായേ, അങ്ങയുടെ നാമത്തിൽ സമ്മേളിച്ചിരിക്കുന്ന ഞങ്ങളെ അങ്ങ് എന്നും നയിക്കണമേ. അങ്ങയുടെ സഭാസേവനത്തിനായി സ്വയം പൂർണ്ണമായി സമർപ്പിക്കുവാനുള്ള ദൈവവിളിയാൽ ഞങ്ങളുടെ കുടുംബങ്ങളെ അനുഗ്രഹിക്കണമെന്നും ഞങ്ങൾ വിനയപൂർവ്വം അപേക്ഷിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** അമ്മേൻ.

*(പൊതു സങ്കീർത്തനം, പേജ് 9, കോളം 1).*

**കൈത്താക്കാലം**

*സങ്കീർത്തനം 146*

*(രീതി: കർത്താവേ മമരാജാവേ ...)*

നല്ലതുമുചിതവുമല്ലോ നാം
പാടുക ദൈവ സ്തുതിഗീതം
വാഴ്ത്താമവനുടെ തിരുനാമം
ദൈവം നിത്യം സ്തുത്യർഹൻ.

ചിതറിയൊരിസ്രേൽ ജനതതിയെ
നാഥൻ വീണ്ടും ചേർക്കുന്നു
പണിയുന്നോർശ്ലേം നഗരിയവൻ
കരുണാവാരിധിയവനല്ലോ.

പൊട്ടിനുറുങ്ങിയ മനസ്സുകളിൽ
ദൈവം സൗഖ്യം പകരുന്നു
ആകുലമാകെയകറ്റിയവൻ
ശാന്തിജനത്തിനു നല്കുന്നു.

കിന്നര രാഗം മീട്ടിമുദാ
നാഥനു ഗാനം പാടിടുവാൻ
മുകിലുകളാലവനാകാശം
മൂടുന്നു മഴ നല്കുന്നു.

ഭയവും നല്ല പ്രതീക്ഷയുമായ്
തന്നെത്തേടും നരതതിയിൽ
സ്നേഹമരന്ദം വർഷിക്കും
കർത്താവെന്നും കുറവെന്യേ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതുപോലെ
ആമ്മേനാമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** നല്ലിടയനായ മിശിഹായേ, അങ്ങയുടെ സുവിശേഷദൗത്യം തുടരുന്നതിനായി തിരുസ്സഭയെ സ്ഥാപിച്ചതിനും, നിരന്തരം പരിപാലിക്കുന്നതിനും ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അങ്ങയുടെ സുവിശേഷ സന്ദേശം എല്ലായിടത്തും അറിയിക്കുന്നതിനും അതിനു സാക്ഷികളാകുന്നതിനും വേണ്ടി സ്നേഹത്തിന്റെ ബലിവേദിയിൽ സ്വയം സമർപ്പിച്ച ശ്ലീഹന്മാരെയും രക്തസാക്ഷികളെയും വിശുദ്ധരായ അനേകരെയും ഞങ്ങൾക്കു മാതൃകയായി നല്കിയതിനും ഞങ്ങൾ നന്ദി പറയുന്നു. തിരുസ്സഭയെ നിരന്തരം പരിപാലിക്കുന്ന കർത്താവേ, എപ്പോഴും വിശ്വസ്തരായി അങ്ങയുടെ കാലടികളെ പിഞ്ചെല്ലുവാൻ ഞങ്ങളെ ശക്തരാക്കണമേ. സഭയോടൊത്തു ചിന്തിക്കുവാനും രക്ഷാകര ദൗത്യത്തിൽ സജീവമായി പങ്കുചേരുവാനും ഞങ്ങളെ അനുഗ്രഹിക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

*(പൊതു സങ്കീർത്തനം, പേജ് 9, കോളം 1).*

**ഏലിയാക്കാലം**

*സങ്കീർത്തനം 144*

*(രീതി: കർത്താവേ മമരാജാവേ ...)*

നാഥാ നിന്റെ വിശുദ്ധന്മാർ
നിതരാം നിന്നെ വണങ്ങുന്നു
നിൻ രാജ്യത്തിൻ മഹിമയവർ
വർണ്ണിച്ചീടും വിനയമോടെ.

വീഴുന്നവരെ കനിവോടെ
നാഥൻ താങ്ങി നിറുത്തുന്നു
നിപതിച്ചവരെ സകലരെയും
സദയം താങ്ങിയുയർത്തുന്നു.

കണ്ണുകളെല്ലാം കർത്താവേ
നിന്നെത്തന്നെ തേടുന്നു
എന്തെന്നാൽ നീയാഹാരം
ചിതമാം സമയത്തേകുന്നു.

ഉള്ളു തുറന്നു വിളിക്കുമ്പോൾ
നാഥനടുത്തുണ്ടതു കേൾക്കാൻ
തന്നെ ഭയത്തൊടു സേവിക്കും
നരരുടെയിഷ്ടമവൻ ചെയ്യും.

അവരുടെ യാചന കേൾക്കുമവൻ
രക്ഷയവർക്കവ നേകീടും
ഭക്ത ജനങ്ങളെയഖിലേശൻ
സദയം കാത്തരുളീടുന്നു.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതു പോലെ
ആമ്മേനാമ്മേനനവരതം.

**സ്ലീവാക്കാലം, മൂശാക്കാലം**
*സങ്കീർത്തനം 96*
*(രീതി: കർത്താവേ മമരാജാവേ ...)*

കർത്താവിന്നപദാനങ്ങൾ
കീർത്തിപ്പിൻ പുതു ഗാനത്തിൽ
വാഴ്ത്തിപ്പാടി നമിക്കട്ടെ
പാർത്തലമെല്ലാമുടയവനേ.

വാഴ്ത്തുകതൻതിരു നാമവുമാ
രക്ഷയുമെന്നും കീർത്തിപ്പിൻ
ജനതകൾ മദ്ധ്യേ കർത്താവിൻ
മഹിമകൾ നിതരാം ഘോഷിപ്പിൻ.

വാഴ്ത്തുക ജനമേ കർത്താവിൻ
നിസ്തുല ശക്തി മഹത്വങ്ങൾ
തിരുനാമത്തിനു ചേർന്ന വിധം
മഹിത സ്തുതികളുയർത്തിടുവിൻ.

തൃക്കാഴ്ചകളോടവിടുത്തെ
തിരുമുറ്റത്തു പ്രവേശിപ്പിൻ
നിർമ്മലവസ്ത്ര വിഭൂഷിതരായ്
ആരാധിച്ചു വണങ്ങിടുവിൻ.

നീതി വിധിക്കും കർത്താവിൻ
നാമം ജനതകൾ വാഴ്ത്തട്ടെ
വന വൃക്ഷങ്ങൾ വയലുകളും
പുളകിത ഗീതമുതിർക്കട്ടെ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേക്കും
ആദിമുതൽക്കെന്നതു പോലെ
ആമ്മേനാമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** ഞങ്ങളുടെ ജീവന്റെ ആരംഭവും അന്ത്യവുമായ മിശിഹായേ, അങ്ങയുടെ നിത്യപ്രകാശത്താൽ ഞങ്ങളുടെ അനുദിന ജീവിതത്തെ പ്രകാശപൂരിതമാക്കണമേ. നന്മയും തിന്മയും വിവേചിച്ചറിയുന്നതിനും നന്മയെ സ്വീകരിക്കുന്നതിനും, തിന്മയെ എതിർക്കുന്നതിനും ഞങ്ങളെ പ്രാപ്തരാക്കേണമേ. അങ്ങയുടെ പ്രമാണത്തിന്റെ വഴിയിലൂടെ നടന്ന് മരണത്തെ പരാജയപ്പെടുത്തുന്നതിനും അങ്ങയുടെ വചനത്തെ നിത്യ ജീവിതത്തിന്റെ കവാടമാക്കി തീർക്കുന്നതിനും ഇടയാക്കണമേ. സമയത്തിന്റെ പൂർണ്ണതയിൽ അങ്ങ് മഹത്വത്തോടെ വരുമ്പോൾ നീതിമാന്മാരുടെ സമൂഹത്തോടു ചേർന്ന് അങ്ങയെ സ്വീകരിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. സത്യത്തിനും നീതിക്കും വേണ്ടി സദാജീവിക്കുന്നതിനും ജീവിതാന്ത്യംവരെ വിശ്വസ്തതയോടെ നിലനിൽക്കുന്നതിനും വരം തരണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ.

*(പൊതു സങ്കീർത്തനം, പേജ് 9, കോളം 1).*

**പള്ളിക്കൂദാശക്കാലം**
*സങ്കീർത്തനം 148*
*(രീതി: കർത്താവേ മമരാജാവേ ...)*

കർത്താവിൻ സ്തുതി പാടിടുവിൻ
അത്യുന്നതനെ വാഴ്ത്തിടുവിൻ
ആകാശങ്ങളിലുയരട്ടെ
നാകാധിപനുടെയപദാനം.

ദൂതന്മാരെ സേവകരേ
പാടുക നാഥനു സ്തുതിഗീതം
സൈന്യങ്ങൾക്കവനധിനാഥൻ
ധന്യനെ വാഴ്ത്തുക സേനകളെ.

വാനിലെയർക്കനു മമ്പിളിയും
സാനന്ദം സ്തുതി പാടട്ടെ
മിന്നി മിനുങ്ങും താരങ്ങൾ
നാഥനു ഗീതികൾ പാടട്ടെ.

മേഘാവലിയിലെ ജലനിരയും
ആകാശവുമതു പാടട്ടെ
അവിടുന്നല്ലോ തിരുമൊഴിയാൽ
അവയെ സകലം സൃഷ്ടിച്ചു.

ഗിരിശിഖരങ്ങൾ കുന്നുകളും
ഫലവൃക്ഷങ്ങൾ വല്ലികളും
തീയും മഞ്ഞും കന്മഴയും
പായും കാറ്റും പാടട്ടെ.

താതനുമതുപോലാത്മജനും
റൂഹായ്ക്കും സ്തുതി എന്നേയ്ക്കും
ആദിമുതൽക്കെന്നതു പോലെ
ആമ്മേനാമ്മേനനവരതം.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** ഞങ്ങളുടെ രക്ഷകനായ മിശിഹായേ, മനുഷ്യകുലത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കും വേണ്ടി തിരുസ്സഭയെ സ്ഥാപിച്ചതിന് ഞങ്ങൾ നന്ദി പറയുന്നു. അവിടുന്നു ഭരമേൽപ്പിച്ച രക്ഷാകരദൗത്യം ലോകാവസാനംവരെ തുടരുവാൻ അവിടുത്തെ നിർമ്മലവധുവായ സഭയെ സജ്ജമാക്കിയല്ലോ. അങ്ങയുടെ മാംസ-രക്തങ്ങളാൽ അവളെ പരിപോഷിപ്പിക്കുകയും പരിശുദ്ധാത്മാവിനാൽ നയിക്കുകയും ചെയ്യുന്നതിന് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. യുഗാന്ത്യ

ത്തിൽ അങ്ങുന്ന പ്രതാപവാനായി പ്രത്യക്ഷപ്പെടുമ്പോൾ അങ്ങേയ്ക്കു മാത്രം സമർപ്പിതമായ സഭ, നൈർമ്മല്യപൂർവ്വം തന്റെ മക്കളായ ഞങ്ങളോടൊപ്പം അങ്ങയെ സ്വീകരിക്കുന്നതിന് ഇടവരുത്തണമേ. പിതാവായ ദൈവത്തിന് ഏറ്റവും സ്വീകാര്യ സമർപ്പണമായിതീരുവാൻ സഭയെ സജ്ജമാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിത്യഭവനമായ സ്വർഗ്ഗത്തെ ലക്ഷ്യംവച്ചു നീങ്ങുന്ന ഈ തീർത്ഥാടക സമൂഹത്തെ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ നയിക്കേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

**സമൂഹം:** ആമ്മേൻ.

---

### *(ഇരുന്നുകൊണ്ട്)*

### *എല്ലാ ദിവസത്തേയ്ക്കുമുള്ള സങ്കീർത്തനങ്ങൾ*
### *(സങ്കീർത്തനം 140)*

**കാർമ്മി:** കർത്താവേ ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു. എനിക്ക് ഉത്തരമരുളണമേ.

**സമൂഹം:** എന്റെ യാചന സ്വീകരിക്കണമേ.
പരിമളധൂപംപോലെ അത് അങ്ങേ പക്കലേയ്ക്കുയരട്ടെ.

**കാർമ്മി:** എന്റെ കരങ്ങളുടെ അർച്ചന
എന്റെ സായാഹ്ന ബലിയായി സ്വീകരിക്കണമേ.

**സമൂഹം:** കർത്താവേ, എന്റെ നാവിന് നിയന്ത്രാവിനേയും
അധരങ്ങൾക്ക് കാവൽക്കാരനേയും നിയമിക്കണമേ.

**കാർമ്മി:** എന്റെ ഹൃദയം തിന്മയിലേക്ക് ചായാതിരിക്കട്ടെ.
ദുഷ്കൃത്യങ്ങൾ ഞാൻ ചെയ്യാതിരിക്കട്ടെ.
ദുഷ്ടരോട് ഞാൻ സഹവസിക്കാതിരിക്കട്ടെ.

**സമൂഹം:** നീതിമാനായ മനുഷ്യൻ
എന്നെ പഠിപ്പിക്കുകയോ ശാസിക്കുകയോ ചെയ്യട്ടെ.

**കാർമ്മി:** ദുഷ്ടന്മാരുടെ തൈലം
എന്റെ ശിരസ്സിൽ സ്പർശിക്കാതിരിക്കട്ടെ.

**സമൂഹം:** എന്റെ പ്രാർത്ഥന,
അവരുടെ ദുഷ്കൃത്യങ്ങൾക്കെതിരാകുന്നു.

**കാർമ്മി:** അവരുടെ വിധികർത്താക്കൾ
കനത്ത കൈകളാൽ തടയപ്പെട്ടു.

**സമൂഹം:** അപ്പോൾ അവർ,
എന്റെ മധുര വചനങ്ങൾ ശ്രവിച്ചു.

**കാർമ്മി:** കൊഴുകൊണ്ടു കീറിയ നിലം പോലെ
അവരുടെ അസ്ഥികൾ
പാതാള വാതിൽക്കൽ ചിതറിക്കപ്പെട്ടിരിക്കുന്നു.

**സമൂഹം:** കർത്താവേ,
നിന്റെ പക്കലേക്ക് ഞാൻ കണ്ണുകളുയർത്തി.
നിന്നെ ഞാൻ ശരണംഗമിക്കുന്നു
എന്നെ തിരസ്കരിക്കരുതേ.

**കാർമ്മി:** അഹങ്കാരികൾ
എനിക്കെതിരായി കെണിവച്ചിരിക്കുന്നു.
അവരിൽനിന്ന് എന്നെ കാത്തുകൊള്ളണമേ.

**സമൂഹം:** അധർമ്മികൾ അവരുടെ വലകളിൽ കുരുങ്ങട്ടെ.
ഞാനോ സുരക്ഷിതനായി കടന്നുപോകട്ടെ.

### *(സങ്കീർത്തനം 118)*

**കാർമ്മി:** നിന്റെ പ്രമാണം എന്റെ പാദങ്ങൾക്കു വിളക്കും
എന്റെ വഴികളിൽ പ്രകാശവുമാകുന്നു.

**സമൂഹം:** നീതിയുടെ നിയമങ്ങളനുസരിക്കുവാൻ
ശപഥപൂർവ്വം ഞാൻ നിശ്ചയിച്ചു.

**കാർമ്മി:** കർത്താവേ, ഞനേറെ താഴ്ത്തപ്പെട്ടിരിക്കുന്നു
നിന്റെ വചനമനുസ്സരിച്ച് എനിക്കു ജീവൻ നല്കണമെ.

**സമൂഹം:** എന്റെ സ്തോത്രങ്ങളിൽ നീ പ്രസാദിക്കേണമേ.
നിന്റെ വിധികൾ എന്നെ പഠിപ്പിക്കേണമേ.

**കാർമ്മി:** എന്നെന്നും ഞാൻ നിന്റെ കരങ്ങളിലാകുന്നു.
നിന്റെ നിയമം ഞാൻ മറക്കുകയില്ല.

**സമൂഹം:** പാപികൾ എനിക്കു കെണികളിണക്കി.
എങ്കിലും പ്രമാണങ്ങളിൽനിന്ന് ഞാൻ പിന്മാറിയില്ല.

**കാർമ്മി:** നിന്റെ പ്രമാണങ്ങളാണ്
എന്നെന്നുമുള്ള എന്റെ ഓഹരി
അവയിലാണ് എനിക്കുള്ള ആനന്ദം.

**സമൂഹം:** നിന്റെ കല്പനകൾ എന്നെന്നും
സത്യമായി പാലിക്കാൻ
എന്റെ ഹൃദയം സജ്ജമാക്കുന്നു.

### *(സങ്കീർത്തനം 116)*

**കാർമ്മി:** സകല ജനതകളേ കർത്താവിനെ
സ്തുതിക്കുവിൻ. ജനപഥങ്ങളെ അവനെ പുകഴ്ത്തുവിൻ.

**സമൂഹം:** എന്തെന്നാൽ അവന്റെ കൃപാവരം
നമ്മിൽ പ്രബലമാണ്.
സത്യമായും കർത്താവ് നിത്യനാകുന്നു.

**കാർമ്മി:** പിതാവിനും പുത്രനും
പരിശുദ്ധാത്മാവിനും സ്തുതി.

**സമൂഹം:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ / ***(സമൂഹവും ചേർന്ന്)*** പാപികളായ ഞങ്ങളുടെ ഈ പ്രാർത്ഥന / കനിവോടെ കേൾക്കുകയും / സായാഹ്നബലിയായി സ്വീകരിക്കുകയും ചെയ്യണമെ / ഞങ്ങളുടെ ആത്മാവിനേയും ശരീരത്തേയും / അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്ന / പാപങ്ങൾ ക്ഷമിച്ച് / ഞങ്ങളെ അനുഗ്രഹിക്കണമേ / നിന്റെ നിത്യപ്രകാശത്തിലൂടെ / ഞങ്ങളെ എന്നും നയിക്കണമേ / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും. ആമ്മേൻ.

***ഗാനം***

സർവാധിപനാം കർത്താവേ,
നിന്നെ വണങ്ങി നമിക്കുന്നു.
ഈശോനാഥാ, വിനയമോടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ-
മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** എന്റെ കർത്താവേ, അങ്ങു സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും, ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും അങ്ങേയ്ക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

***ത്രൈശുദ്ധ കീർത്തനം***

ശബ്ദമുയർത്തിപ്പാടിടുവിൻ
സർവ്വരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവ്വേശ്വരനേ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവ്വേശാ
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്യനേ,
നിൻകൃപ ഞങ്ങൾക്കേകണമേ.

**ശുശ്രൂഷി:** നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടു കൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, ജീവദായകമായ ദിവ്യസന്ദേശം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയേയും മനസ്സിനേയും പ്രകാശിപ്പിക്കണമേ. അതുവഴി സ്നേഹവും ശരണവും ഞങ്ങളിൽ വർദ്ധിക്കുവാനും ഞങ്ങൾ രക്ഷപ്രാപിച്ച് നിരന്തരം അങ്ങയെ സ്തുതിക്കുവാനും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

**ലേഖനം**

**വായിക്കുന്ന ആൾ:** സഹോദരരേ, വി. ----- ശ്ലീഹാ ----- എഴുതിയ ലേഖനം.

*(ലേഖനം വായിക്കുന്നു. വായന തീരുമ്പോൾ)*

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

*(എല്ലാവരും എഴുന്നേറ്റുനിന്നുകൊണ്ട്)*

**ഹല്ലേലുയ്യാ ഗീതം**

ഹല്ലേലുയ്യ പാടീടുന്നേൻ
ഹല്ലേലുയ്യ ഹല്ലേലുയ്യ.

നല്ലോരാശയമെൻ മനതാരിൽ
വന്നു നിറഞ്ഞു തുളുമ്പീടുന്നു.

രാജാവിൻ തിരുമുമ്പിൽ കീർത്തന
മധുവായ് ഞാനതൊഴുക്കീടട്ടെ.

ഏറ്റമനുഗ്രഹ പൂരിതനാംകവിതൻ
തൂലികപോലെൻ നാവിപ്പോൾ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതൽക്കേയിന്നും നിത്യവു
മായി ഭവിച്ചീടട്ടെ ആമ്മേൻ.

ഹല്ലേലുയ്യ പാടീടുന്നേൻ
ഹല്ലേലുയ്യ ഹല്ലേലുയ്യ.

**കാർമ്മി:** വിശുദ്ധ ..... അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം.

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

*(കാർമ്മികൻ സുവിശേഷം വായിക്കുന്നു. വായന തീരുമ്പോൾ)*

**സമൂഹം:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

*(ഇരിക്കുന്നു; വൈദികനുണ്ടെങ്കിൽ വചനപ്രസംഗം)*

**കാറോസൂസാ**

*(കാലമനുസരിച്ചുള്ള ഭാഗം)*

മംഗലവാർത്തക്കാലം .......... പേജ് 11 കോളം 1
പിറവിത്തിരുന്നാൾ ............ പേജ് 11 കോളം 2
ദനഹാക്കാലം .................... പേജ് 12 കോളം 1
നോമ്പുകാലം ..................... പേജ് 12 കോളം 2

ഉയിർപ്പുകാലം ................... പേജ് 13 കോളം 1
ശ്ലീഹാക്കാലം .................... പേജ് 13 കോളം 2
കൈത്താക്കാലം ................ പേജ് 14 കോളം 1
ഏലിയാ-സ്ലീവാ-മൂശാക്കാലങ്ങൾ പേജ് 14 കോളം 2
പള്ളിക്കൂദാശാക്കാലം .......... പേജ് 15 കോളം 1

### *മംഗലവാർത്തക്കാലം*

*(സമൂഹാംഗങ്ങൾ / കുടുംബാംഗങ്ങൾ മാറിമാറി ചൊല്ലുക).*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടും കൂടെനിന്ന്, കർത്താവായ മിശിഹായേ, എഴുന്നള്ളിവരണമേ എന്നു പ്രാർത്ഥിക്കാം.

**സമൂഹം:** കർത്താവായ മിശിഹായേ, എഴുന്നള്ളിവരണമേ.

**ശുശ്രൂഷി:** ആദത്തിന്റെ പാപം മൂലം അധഃപതിച്ച മനുഷ്യർക്കു രക്ഷകനായി വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായേ, ഞങ്ങൾക്കു പാപമോചനവും രക്ഷയും നല്കുവാൻ എഴുന്നള്ളിവരണമേ.

**ശുശ്രൂഷി:** പൂർവ്വപിതാക്കന്മാർ പ്രത്യാശയോടെ പാർത്തിരുന്ന മിശിഹായേ, കൃപാവരങ്ങൾ നല്കി തിരുസഭയെ ധന്യമാക്കുവാൻ എഴുന്നള്ളിവരണമേ.

**ശുശ്രൂഷി:** ജനപദങ്ങളുടെ കർത്താവും സമാധാനത്തിന്റെ രാജാവുമായ മിശിഹായേ, സമസ്തലോകത്തിനും വിശിഷ്യ ഞങ്ങളുടെ മാതൃരാജ്യത്തിനും അങ്ങയുടെ ശാന്തിയും സമാധാനവും നല്കുവാൻ എഴുന്നള്ളിവരണമേ.

**ശുശ്രൂഷി:** ലോകത്തിന്റെ പ്രകാശവും മനുഷ്യവർഗ്ഗത്തിന്റെ ഗുരു നാഥനുമായ മിശിഹായേ, സകല ജനങ്ങളേയും പ്രത്യേകിച്ച് ഭാരതത്തിലെ ഞങ്ങളുടെ എല്ലാ സഹോദരങ്ങളേയും സുവിശേഷ ദീപ്തിയാൽ പ്രകാശിപ്പിക്കുവാൻ എഴുന്നള്ളിവരണമേ.

**ശുശ്രൂഷി:** മനുഷ്യാവതാരംവഴി മനുഷ്യവംശത്തെ മഹത്ത്വമണിയിച്ച മിശിഹായേ, ഞങ്ങളുടെ കുടുംബങ്ങളെ ദിവ്യസ്നേഹ ചൈതന്യത്താൽ ധന്യമാക്കുവാൻ എഴുന്നള്ളിവരണമേ.

**ശുശ്രൂഷി:** മനുഷ്യാവതാരത്തിലൂടെ ഞങ്ങൾക്ക് അങ്ങേ തിരുവചനങ്ങൾ നല്കുകയും ദൈവിക രഹസ്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്ത മിശിഹായേ, ഞങ്ങളുടെ ബുദ്ധിയേയും മനസ്സിനേയും പ്രകാശിപ്പിക്കുവാൻ എഴുന്നള്ളിവരണമേ.

**ശുശ്രൂഷി:** അങ്ങേ മുന്നോടിയായ സ്നാപക യോഹന്നാന്റെ ആഹ്വാനം സ്വീകരിച്ച് അനുതാപപൂർവ്വം അങ്ങയെ സമീപിച്ചവരിൽ സംപ്രീതനായ കർത്താവേ, ഞങ്ങളേയും വിശുദ്ധീകരിക്കുവാൻ എഴുന്നള്ളിവരണമേ.

**ശുശ്രൂഷി:** ഞങ്ങളുടെ രക്ഷയ്ക്കും വിശുദ്ധീകരണത്തിനും വേണ്ടി കന്യകാമറിയത്തിന്റെ വിനയത്തെ തൃക്കൺപാർത്ത് അവളിൽ നിന്നു ജന്മമെടുക്കുവാൻ തിരുമനസ്സായ കർത്താവേ, ഞങ്ങളേയും വിനയത്തിൽ വളർത്തുവാൻ എഴുന്നള്ളിവരണമേ.

*(തുടർന്ന് കുടുംബപ്രാർത്ഥനയ്ക്ക് പേജ് 15 കോളം 2
കൂടാരയോഗത്തിന് പേജ് 16 കോളം 1)*

### *പിറവിത്തിരുനാൾ*

*(സമൂഹാംഗങ്ങൾ / കുടുംബാംഗങ്ങൾ മാറിമാറി ചൊല്ലുക).*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെനിന്ന്, ദൈവമേ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു എന്ന് ഏറ്റു പറയാം.

**സമൂഹം:** ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

**ശുശ്രൂഷി:** തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ഈ ലോകത്തെ അത്യധികമായി സ്നേഹിച്ച ദൈവമേ.

**ശുശ്രൂഷി:** വിനീതരായ ആട്ടിടയരെയും വിജ്ഞാനികളായ ശാസ്ത്രജ്ഞരെയും ദിവ്യശിശുവിന്റെ സവിധത്തിലേയ്ക്ക് ആനയിച്ച ദൈവമേ.

**ശുശ്രൂഷി:** തന്റെ തിരുക്കുമാരന്റെ മനുഷ്യാവതാരം വഴി എളിമയുടെയും ദാരിദ്ര്യത്തിന്റെയും മാതൃക കാട്ടുകയും സമാധാനവും പ്രത്യാശയുംനല്കി ലോകത്തെ അനുഗ്രഹിക്കുകയും ചെയ്ത ദൈവമേ.

**ശുശ്രൂഷി:** അവതരിച്ച മിശിഹാവഴി ഞങ്ങളെ അങ്ങയുടെ മക്കളും സ്വർഗ്ഗത്തിന് അവകാശികളുമാക്കിയ ദൈവമേ.

**ശുശ്രൂഷി:** മനുഷ്യാവതാരത്തിന്റെ മഹനീയ ഫലങ്ങൾ തിരുസ്സഭയിലൂടെ ഞങ്ങൾക്കു നല്കുന്ന ദൈവമേ.

**ശുശ്രൂഷി:** ദാസന്റെ വേഷം ധരിച്ച് കാലിത്തൊഴുത്തിൽ പിറന്ന ദിവ്യസുതൻ വഴി പതിതരെയും പാവപ്പെട്ടവരെയും തന്നിലേക്കടുപ്പിച്ച ദൈവമേ.

**ശുശ്രൂഷി:** സമാധാനത്തിന്റെ സന്ദേശവുമായിവരികയും നിന്റെ ദിവ്യസമാധാനത്താൽ ഞങ്ങളോരോരുത്തരെയും ഞങ്ങളുടെ ഇടവകയെയും തിരുസ്സഭയെയും സമ്പന്നമാക്കുകയും ചെയ്യുന്ന കർത്താവേ.

**ശുശ്രൂഷി:** ആദത്തിന്റെ അനുസരണക്കേടിനു പരിഹാരം ചെയ്യുന്നതിനായി പിതാവിന്റെ ഹിതം പൂർണ്ണമായി നിറവേറ്റുവാൻ മനുഷ്യാവതാരം ചെയ്ത കർത്താവേ.

**ശുശ്രൂഷി:** ഞങ്ങളുടെ രക്ഷയ്ക്കും വിശുദ്ധീകരണത്തിനും വേണ്ടി പരിശുദ്ധ കന്യകാമറിയത്തിൽനിന്നു പിറക്കുകയും ദൈവജനനിയെ ഞങ്ങൾക്കു മാതാവായി നല്കുകയും ചെയ്ത മിശിഹായേ.

*(തുടർന്ന് കുടുംബപ്രാർത്ഥനയ്ക്ക് പേജ് 15 കോളം 2
കൂടാരയോഗത്തിന് പേജ് 16 കോളം 1)*

### *ദനഹാക്കാലം*

*(സമൂഹാംഗങ്ങൾ / കുടുംബാംഗങ്ങൾ മാറിമാറി ചൊല്ലുക).*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെ നിന്ന്, കർത്താവേ അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു എന്നു പ്രാർത്ഥിക്കാം.

**സമൂഹം:** കർത്താവേ അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**ശുശ്രൂഷി:** ഇവൻ എന്റെ പ്രിയപുത്രനാകുന്നു എന്നു പിതാവിൽനിന്ന് സാക്ഷ്യംലഭിച്ച മിശിഹായേ, കർത്താവും ദൈവവുമായി അങ്ങയെ ഏറ്റുപറയുവാൻ അങ്ങയുടെ സഭയെ അനുഗ്രഹിക്കണമെന്ന്.

**ശുശ്രൂഷി:** യോഹന്നാനിൽനിന്ന് മാമ്മോദീസാ സ്വീകരിച്ചുകൊണ്ട് സകല നീതിയും പൂർത്തിയാക്കിയ മിശിഹായേ, ഞങ്ങൾക്കു നല്കപ്പെട്ട പുത്രസ്വീകരണത്തിന്റെ അരൂപിയിൽ അയൽക്കാരെ സ്നേഹിക്കുവാനും ദുഃഖിതരെ ആശ്വസിപ്പിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്ന്.

**ശുശ്രൂഷി:** ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായും ഏറ്റു പറഞ്ഞുകൊണ്ട് എല്ലാ ക്രിസ്തീയ സഭാവിഭാഗങ്ങളും ഒന്നായിത്തീരുവാൻ ഇടയാക്കണമെന്ന്.

**ശുശ്രൂഷി:** അങ്ങയുടെ മുന്നോടിയായ യോഹന്നാനെപ്പോലെ ഞങ്ങൾ സത്യത്തിന്റെ സാക്ഷികളും പരിത്യാഗത്തിന്റെ മാതൃകകളുമായിത്തീരുവാൻ അനുഗ്രഹിക്കണമെന്ന്.

**ശുശ്രൂഷി:** പാപികളോട് ഒന്നുചേർന്ന് അനുതാപത്തിന്റെ മാമ്മോദീസാ സ്വീകരിച്ച മിശിഹായേ, ഞങ്ങളുടെ ബലഹീനതകൾ ഏറ്റുപറഞ്ഞ് അനുതാപത്തിന്റെ അരൂപിയിൽ ജീവിക്കുന്നതിനുവേണ്ട വരം നല്കണമെന്ന്.

**ശുശ്രൂഷി:** മാമ്മോദീസാ വഴി ഞങ്ങളെ ദൈവമാതാവിന്റെ മക്കളും മിശിഹായുടെ സഹോദരങ്ങളും അങ്ങേ ആലയങ്ങളുമാക്കിയ പരിശുദ്ധാത്മാവേ, ഞങ്ങൾക്ക് ദൈവികാരൂപിയിൽ അനുദിനം വളരുവാൻ ശക്തിതരണമെന്ന്.

**ശുശ്രൂഷി:** വിജ്ഞാനികൾവഴി വിജാതീയർക്കും, മാമ്മോദീസാവഴി യഹൂദജനതയ്ക്കും, കാനായിലെ അത്ഭുതം വഴി ശിഷ്യഗണത്തിനും, സ്വയം വെളിപ്പെടുത്തിയ മിശിഹായേ, ദൈവിക പരിപാലനയുടെ പിന്നിൽ പ്രവർത്തിക്കുന്ന അങ്ങയെ ദർശിക്കുവാൻ ഞങ്ങളുടെ ആദ്ധ്യാത്മിക നയനങ്ങളെ പ്രാപ്തമാക്കണമെന്ന്.

**ശുശ്രൂഷി:** ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശിഖരങ്ങളുമാകുന്നു, നിങ്ങൾ എന്നിൽ വസിക്കുവിൻ എന്നരുളിയ മിശിഹായേ, അങ്ങയോടുള്ള ഐക്യത്തിൽ അനുദിനം വളരുവാനും സൽകൃത്യങ്ങളിലൂടെ അത് പ്രകടമാക്കുവാനുമുള്ള അനുഗ്രഹം തരണമെന്ന്.

*(തുടർന്ന് കുടുംബപ്രാർത്ഥനയ്ക്ക് പേജ് 15 കോളം 2 കൂടാരയോഗത്തിന് പേജ് 16 കോളം 1)*

### *നോമ്പുകാലം*

*(സമൂഹാംഗങ്ങൾ / കുടുംബാംഗങ്ങൾ മാറിമാറി ചൊല്ലുക).*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടും കൂടി, കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ എന്നപേക്ഷിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂഷി:** പരിശുദ്ധാത്മാവിനാൽ വനത്തിലേയ്ക്ക് നയിക്കപ്പെടുകയും നാൽപ്പതു രാവും നാൽപ്പതു പകലും തപസ്സനുഷ്ഠിക്കുകയും ചെയ്ത കർത്താവേ, തപസ്സിന്റെയും പ്രായശ്ചിത്തത്തിന്റെയും അരൂപിയിൽ ഞങ്ങളെ നിറയ്ക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** സ്നേഹത്തിന്റെ ബലിവസ്തുവായ മിശിഹായേ, ഞങ്ങളുടെ ശരീരത്തേയും അതിന്റെ ദുർവ്വാസനകളേയും അങ്ങയോടുകൂടി ക്രൂശിക്കുന്നതിന് ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** പരിശുദ്ധമായ ഉപവാസത്താൽ സാത്താനെ ലജ്ജിപ്പിക്കുകയും, ദുർബലമായ ഞങ്ങളുടെ സ്വഭാവത്തെ ശക്തിപ്പെടുത്തുകയുംചെയ്ത മിശിഹായേ, ദൈവിക ജീവനിൽ അനുദിനം വളരുവാനും തിന്മയെ തിരസ്കരിക്കുവാനും ശക്തി തരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** പരീക്ഷയിൽ പിശാചിനെ പരാജയപ്പെടുത്തുകയും, അവന്റെ കാപട്യം തെളിയിക്കുകയും ചെയ്തശേഷം മാലാഖമാരുടെ സാന്നിദ്ധ്യത്തിൽ ആശ്വാസം പ്രാപിച്ച മിശിഹായേ, ജീവിത നൈർമല്യത്തിൽ യഥാർത്ഥ സന്തോഷം കണ്ടെത്തുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** തന്നെ പിഞ്ചെല്ലുവാൻ ആഗ്രഹിക്കുന്നവൻ സ്വന്തം കുരിശുമെടുത്തുകൊണ്ട് തന്നെ അനുഗമിക്കുവാൻ ആഹ്വാനം ചെയ്ത കർത്താവേ, അനുദിന ജീവിതത്തിലുണ്ടാകുന്ന ക്ലേശങ്ങളും ബുദ്ധിമുട്ടുകളും വിശ്വാസത്തിന്റെ വെളിച്ചത്തിലൂടെ നേരിടുവാൻ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**ശുശ്രൂഷി:** പുലർച്ചയാകുവോളം വനത്തിന്റെ ഏകാന്തതയിൽ പ്രാർത്ഥനാ നിമഗ്നനായിരുന്ന കർത്താവേ, വിശ്വാസത്തിലും പ്രാർത്ഥനാ ചൈതന്യത്തിലും അനുദിനം ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** അനുഗ്രഹസമ്പന്നനും അനുതാപികൾക്കു വാതിൽ തുറന്നുകൊടുക്കുന്ന കാരുണ്യവാനുമായ കർത്താ

വേ, ശ്വാശ്വതമായ സമാധാനത്തിന്റെ ഉറവിടത്തിലേയ്ക്ക് ഞങ്ങളെ നയിക്കുകയും നിത്യാനന്ദത്തിന് അർഹരാക്കുകയും ചെയ്യണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*(തുടർന്ന് കുടുംബപ്രാർത്ഥനയ്ക്ക് പേജ് 15 കോളം 2 കൂടാരയോഗത്തിന് പേജ് 16 കോളം 1)*

### ഉയിർപ്പുകാലം

*(സമൂഹാംഗങ്ങൾ / കുടുംബാംഗങ്ങൾ മാറിമാറി ചൊല്ലുക).*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഉത്സാഹത്തോടുംകൂടി കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

**ശുശ്രൂഷി:** വഴിയും സത്യവും ജീവനുമായ മിശിഹായേ, അങ്ങയുടെ പുനഃരുത്ഥാനത്തിൽ ആനന്ദിക്കുന്ന ഞങ്ങളെ അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽ നിന്ന് സത്യത്തിലേക്കും മരണത്തിൽനിന്ന് മരണമില്ലായ്മയിലേക്കും ആനയിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** പുനരുത്ഥാനംവഴി പരിഹാസത്തിന്റെ അടയാളമായ കുരിശിനെ മഹത്വത്തിന്റെ ചിഹ്നമായി ഉയർത്തിയ കർത്താവേ, ഞങ്ങളുടെ ശരീരത്തെ അതിന്റെ ദുരാശകളോടെ കുരിശിൽ തറയ്ക്കുവാനും, ആത്മസമർപ്പണത്തിൽ നിത്യജീവൻ കണ്ടെത്തുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവരും സത്യത്തെപ്രതി പീഢയനുഭവിക്കുന്നവരും, അങ്ങയുടെ മഹത്വപൂർണ്ണമായ ഉത്ഥാനത്തേയും അവർണ്ണനീയമായ സ്വർഗ്ഗഭാഗ്യത്തേയും ഓർത്തുകൊണ്ട് നല്ലഓട്ടം ഓടുവാനും വിശ്വാസം സംരക്ഷിക്കുവാനും വരം തരണമെന്ന് കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** ദിവ്യബലിയിൽ സജീവമായി പങ്കെടുക്കുവാനും ഞങ്ങളുടെ ജീവന്റെയും ഉയർപ്പിന്റെയും കാരണമായ തിരുശരീരരക്തങ്ങൾ യോഗ്യതയോടുകൂടി സ്വീകരിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്ന് കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** യൂദന്മാരെ ഭയന്നു മുറിയടച്ചിരുന്ന ശിഷ്യന്മാരുടെ മുമ്പിൽ അത്ഭുതകരമായി പ്രത്യക്ഷപ്പെട്ട് സമാധാനം ആശംസിച്ച കർത്താവേ, അങ്ങയുടെ സമാധാനം ഞങ്ങൾക്കെന്നും തരണമെന്ന് പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** പാപികളുടെ ആലംബവും ദുഃഖിതരുടെ ആശ്വാസവുമായ മിശിഹായേ, അങ്ങേ ഉത്ഥാനത്തിന്റെ മഹത്വത്താൽ ഞങ്ങളെ ആനന്ദിപ്പിക്കുകയും അങ്ങേ സ്വർഗ്ഗീയ സമാധാനം നല്കി ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*(തുടർന്ന് കുടുംബപ്രാർത്ഥനയ്ക്ക് പേജ് 15 കോളം 2 കൂടാരയോഗത്തിന് പേജ് 16 കോളം 1)*

### ശ്ലീഹാക്കാലം

*(സമൂഹാംഗങ്ങൾ / കുടുംബാംഗങ്ങൾ മാറിമാറി ചൊല്ലുക).*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടി കർത്താവേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു എന്നു പ്രാർത്ഥിക്കാം.

**സമൂഹം:** കർത്താവേ, അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**ശുശ്രൂഷി:** ദരിദ്രർക്കു സുവിശേഷം അറിയിക്കപ്പെടുന്നു എന്നരുൾചെയ്ത മിശിഹായേ, സുവിശേഷഭാഗ്യങ്ങൾക്കൊത്ത വിധം ജീവിച്ചുകൊണ്ട്, അങ്ങയുടെ സത്യത്തിനു സാക്ഷികളാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന്.

**ശുശ്രൂഷി:** ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ മാതൃകയനുസരിച്ച്, അങ്ങയോടുകൂടി മരിക്കുവാൻ സന്നദ്ധരായ അനേകം മിഷനറിമാരെ ഭാരതത്തിനു നല്കണമെന്ന്.

**ശുശ്രൂഷി:** സഭയുടെ വിവിധ രംഗങ്ങളിൽ ജോലി ചെയ്യുന്നവർ സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രേഷിതരായി പ്രശോഭിക്കുവാൻ പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ സമൃദ്ധമായി നല്കണമെന്ന്.

**ശുശ്രൂഷി:** അനേകരുടെ മാനസാന്തരത്തിനുവേണ്ടി അങ്ങയുടെ ബലിയോടുചേർത്ത് തങ്ങളുടെ ജീവിതബലി അർപ്പിക്കുവാൻ ക്ലേശമനുഭവിക്കുന്നവർ ശക്തരാകേണ്ടതിന് അങ്ങയുടെ അരൂപിയെ അവർക്കു നല്കണമെന്ന്.

**ശുശ്രൂഷി:** രക്ഷയുടെ സുവിശേഷം ലോകത്തെ അറിയിക്കുവാനും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസാ നല്കുവാനുമായി വത്സല ശിഷ്യരെ നിയോഗിച്ച കർത്താവേ, ആ ദൗത്യം തുടരുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന്.

**ശുശ്രൂഷി:** പരിശുദ്ധാത്മാവിലുള്ള സ്നാനം സ്വീകരിക്കുവാൻ പ്രാർത്ഥനയിൽ ഒരുമിച്ചിരുന്ന ശ്ലീഹന്മാരുടെമേൽ, തീനാവുകളുടെ രൂപത്തിൽ ആശ്വാസപ്രദനെ അയച്ച്, അവരെ വിശ്വാസത്തിൽ ഉറപ്പിച്ച കർത്താവേ, ഞങ്ങളെയും വിശ്വാസത്തിൽ ഉറപ്പിക്കണമെന്ന്.

**ശുശ്രൂഷി:** സുവിശേഷദൗത്യം നിർവ്വഹിക്കുവാൻ ശ്ലീഹന്മാരെ നിയോഗിക്കുകയും, നിത്യജീവന്റെ പാതയിലേയ്ക്ക് ഞങ്ങളെ നയിക്കുവാൻ, ഞങ്ങളുടെ പിതാവായ മാർ തോമ്മാശ്ലീഹായെ ഭാരതത്തിലേക്ക് അയയ്ക്കുകയും ചെയ്ത

കർത്താവേ, ഈ സുവിശേഷ ചൈതന്യത്താൽ ഞങ്ങളേയും നയിക്കണമെന്ന്.

**ശുശ്രൂഷി:** ലോകത്തിന്റെ ജ്ഞാനത്തെ മൗഢ്യമാക്കുകയും ലോകം ഭോഷത്തമായി കരുതിയിരുന്ന കുരിശിനെ രക്ഷയുടെ അടയാളമാക്കുകയുംചെയ്ത കർത്താവേ, അങ്ങയുടെ സുവിശേഷം ലോകമെങ്ങും അറിയിക്കുവാൻ എളിയവരായ ഞങ്ങളേയും പ്രാപ്തരാക്കണമെന്ന്.

*(തുടർന്ന് കുടുംബപ്രാർത്ഥനയ്ക്ക് പേജ് 15 കോളം 2 കൂടാരയോഗത്തിന് പേജ് 16 കോളം 1)*

### കൈത്താക്കാലം

*(സമൂഹാംഗങ്ങൾ / കുടുംബാംഗങ്ങൾ മാറിമാറി ചൊല്ലുക).*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും വിശ്വാസത്തോടും സ്നേഹത്തോടും കൂടെനിന്ന്, കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു എന്ന് ഏറ്റുപറയാം.

**സമൂഹം:** കർത്താവേ, അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** അങ്ങയുടെ ദിവ്യരക്തത്താൽ അങ്ങു വീണ്ടെടുക്കുകയും രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കുകയുംചെയ്ത സഭയ്ക്കു പ്രയാസങ്ങളേയും എതിർപ്പുകളെയും നേരിടുന്നതിനും നിന്റെ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും ശക്തിനല്കണമെന്ന്.

**ശുശ്രൂഷി:** സഭയോടൊത്തു ചിന്തിക്കുവാനും അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകുവാനും വേണ്ട സന്മനസ്സ് അങ്ങയുടെ ജനത്തിനു നല്കണമെന്ന്.

**ശുശ്രൂഷി:** വിവിധ സഭകൾതമ്മിൽ പരസ്പര ധാരണയും ഐക്യവും വളർത്തി ഏകസത്യ ദൈവവിശ്വാസത്തിൽ അവയെ പരിരക്ഷിക്കണമെന്ന്.

**ശുശ്രൂഷി:** ഈ ലോകത്തിൽ അങ്ങയെപ്രതി നിന്ദനങ്ങളും പീഡകളും ദുഷ്പ്രചരണങ്ങളും സഹിക്കുന്നവർക്കു സ്വർഗ്ഗത്തിൽ വലിയ പ്രതിഫലം വാഗ്ദാനംചെയ്ത അങ്ങ് ഞങ്ങൾക്കു പ്രത്യാശ പ്രദാനം ചെയ്യണമെന്ന്.

**ശുശ്രൂഷി:** അങ്ങയെപ്രതി ബന്ധുമിത്രാദികളെയോ, സമ്പത്തോ ഉപേക്ഷിക്കുന്നവർക്ക് ഇഹത്തിൽ നൂറിരട്ടിയും സ്വർഗ്ഗത്തിൽ നിത്യജീവനും വാഗ്ദാനം ചെയ്ത കർത്താവേ, അങ്ങയുടെ പാതയിലൂടെ ഞങ്ങളെ നയിക്കണമെന്ന്.

**ശുശ്രൂഷി:** നീതിമാന്മാർക്കും നീതിരഹിതർക്കും ഒരുപോലെ മഴയും വെയിലും പ്രദാനം ചെയ്ത്, എല്ലാവരുടെയും രക്ഷ ആഗ്രഹിക്കുന്ന കർത്താവേ, എല്ലാവരിലും അങ്ങയെ കാണുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന്.

**ശുശ്രൂഷി:** ഇതാ കർത്താവിന്റെ ദാസി എന്നു പറഞ്ഞുകൊണ്ട്, ദൈവഹിതത്തിനു പൂർണ്ണമായി സമർപ്പിച്ച പരിശുദ്ധ കന്യകാമറിയത്തെ ഞങ്ങൾക്കു മാതാവും മാതൃകയുമായി നല്കിയ കർത്താവേ, ജീവിത ലാളിത്യത്തിലും നൈർമ്മല്യത്തിലും അങ്ങയുടെ അമ്മയുടെ മാതൃകയെ പിഞ്ചെല്ലുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന്.

**ശുശ്രൂഷി:** അങ്ങയെ അറിഞ്ഞു സ്നേഹിച്ചു സ്തുതിക്കുന്നതിനായി അങ്ങയുടെ ഛായയിൽ സൃഷ്ടിക്കപ്പെട്ട ഞങ്ങൾ, നന്ദിഹീനരും വ്യർത്ഥവിചാരങ്ങളിൽ വ്യാപൃതരും സത്യത്തെ എതിർക്കുന്നവരുമായിത്തീരുവാൻ ഒരിക്കലും ഇടയാക്കരുതെന്നും, ധൂർത്ത പുത്രനെപ്പോലെ അനുതാപത്തിലൂടെ അങ്ങിലേയ്ക്കു തിരിച്ചെത്തുവാൻ അനുഗ്രഹിക്കണമെന്നും.

*(തുടർന്ന് കുടുംബപ്രാർത്ഥനയ്ക്ക് പേജ് 15 കോളം 2 കൂടാരയോഗത്തിന് പേജ് 16 കോളം 1)*

### ഏലിയാ-സ്ലീവാ-മൂശാക്കാലം

*(സമൂഹാംഗങ്ങൾ / കുടുംബാംഗങ്ങൾ മാറിമാറി ചൊല്ലുക).*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടുംകൂടെ, കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ എന്നപേക്ഷിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂഷി:** പ്രമാണങ്ങളെയും പ്രവാചകന്മാരെയും സമാദരിക്കുകയും എല്ലാ നിയമങ്ങളും പൂർത്തിയാക്കുകയും ചെയ്ത മിശിഹായേ ഞങ്ങളുടെ മേലധികാരികളിൽ അങ്ങയെ ദർശിക്കുവാനും അവരുടെ ആജ്ഞകൾ അനുസരിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** ഏലിയായുടെ തീഷ്ണതയോടും മോശയുടെ ധൈര്യത്തോടും കൂടെ ജീവിതകാലം മുഴുവൻ അങ്ങേയ്ക്കു ശുശ്രൂഷ ചെയ്യുവാൻ ഞങ്ങളെ സഹായിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** താബോർമലയിൽവച്ച് രൂപാന്തരപ്പെടുകയും അങ്ങയുടെ മഹത്വംകണ്ടു ഭീതിപൂണ്ട വത്സലശിഷ്യരെ ധൈര്യപ്പെടുത്തുകയും ചെയ്ത കർത്താവെ വിധിദിവസത്തിൽ മഹത്വപൂർണ്ണനായി അങ്ങു പ്രത്യക്ഷപ്പെടുമ്പോൾ ആനന്ദത്തോടെ അങ്ങയെ എതിരേൽക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** അക്രമം കൈവെടിഞ്ഞ് സ്നേഹത്തിലും സഹിഷ്ണതയിലും സമാധാനത്തിന്റെ മാർഗ്ഗത്തിലൂടെ ലോകജനതയെ നയിക്കുവാൻ രാഷ്ട്രത്തലവന്മാരെ പഠിപ്പിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** ഞങ്ങളുടെ ഉത്ഥാനവും പ്രതീക്ഷയുമായ മിശിഹായേ, അങ്ങ് കുരിശടയാളത്തോടുകൂടി വാന മേഘങ്ങളിൽ ആഗതനാകുമ്പോൾ അങ്ങയുടെ വലതുഭാഗത്ത്

അണിനിരക്കുവാൻ ഞങ്ങളേയും അർഹരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

**ശുശ്രൂഷി:** ഭൂമിയിൽ ഞങ്ങളുടെ താൽക്കാലിക വാസത്തിന്റെ അന്ത്യസമയം അനിശ്ചിതം ആയിരിക്കയാൽ ഞങ്ങളുടെ അനുദിന ജീവിതത്തെ അങ്ങേയ്ക്കു സ്വീകാര്യ ബലിയായി സമർപ്പിക്കുവാൻ സഹായിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** മിശിഹായോടുകൂടി മരിക്കുന്നവർ മിശിഹായോടുകൂടി ഉയർപ്പിൽ മഹത്വം പ്രാപിക്കുമെന്ന വിശ്വാസത്തിൽ ഞങ്ങളെ ഉറപ്പുള്ളവരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** ക്ലേശങ്ങളും പ്രലോഭനങ്ങളും നിറഞ്ഞ ഈ ലോക ജീവിതത്തിൽ മറിയത്തെപ്പോലെ ത്യാഗോജ്ജ്വല ജീവിതം നയിക്കുന്നതിനും സ്വയം പരിഹാരബലിയായി സമർപ്പിക്കുന്നതിനും ഞങ്ങളെ യോഗ്യരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*(തുടർന്ന് കുടുംബപ്രാർത്ഥനയ്ക്ക് പേജ് 15 കോളം 2 കൂടാരയോഗത്തിന് പേജ് 16 കോളം 1)*

### പള്ളിക്കൂദാശക്കാലം

*(സമൂഹാംഗങ്ങൾ / കുടുംബാംഗങ്ങൾ മാറിമാറി ചൊല്ലുക).*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും സന്തോഷത്തോടെ തിരുസഭയുടെ ഭാവിമഹത്വത്തെ സ്മരിച്ചുകൊണ്ട്, കർത്താവേ നിന്റെ മഹത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ എന്നു പ്രാർത്ഥിക്കാം.

**സമൂഹം:** കർത്താവേ, നിന്റെ മഹത്വത്തിൽ ഞങ്ങളെ പങ്കുകാരാക്കണമേ.

**ശുശ്രൂഷി:** ലോകാവസനത്തോളം ഞാൻ നിങ്ങളോടു കൂടെയുണ്ടായിരിക്കും എന്ന വാഗ്ദാനമനുസരിച്ച് സഭയിൽ നിരന്തരം വസിച്ചുകൊണ്ട് അവളെ നിത്യഭാഗ്യത്തിലേക്കു നയിക്കുന്ന കർത്താവേ.

**ശുശ്രൂഷി:** ശ്ലീഹന്മാരും അവരുടെ പിൻഗാമികളുംവഴി സഭയെ സ്വർഗ്ഗീയ ജറൂസലത്തേക്കു സുരക്ഷിതമായി നയിച്ചുകൊണ്ടിരിക്കുന്ന കർത്താവേ.

**ശുശ്രൂഷി:** സഭയെ സ്നേഹിക്കുകയും നിർമ്മല വധുവായിരിക്കുവാൻ അവൾക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയുംചെയ്ത കർത്താവേ.

**ശുശ്രൂഷി:** ലോകസൃഷ്ടിക്കു മുമ്പുതന്നെ നിനക്കുണ്ടായിരുന്ന മഹത്വത്തിൽ ഞങ്ങൾ പങ്കുകാരാകുവാൻ വേണ്ടി അനുദിനം ഞങ്ങളുടെ കുരിശുമെടുത്ത് നിന്നെ അനുഗമിക്കുവാൻ ആഹ്വാനം ചെയ്ത കർത്താവേ.

**ശുശ്രൂഷി:** വിശുദ്ധരുടെയും പ്രവാചകരുടെയും അടിസ്ഥാനത്തിന്മേൽ പുതിയനിയമത്തിലെ സഭയെ പണിതുയർത്തി, ഞങ്ങളെ വിശുദ്ധന്മാരുടെ ആ നഗരത്തിൽ നിവസിക്കുന്നവരും ദൈവജനവുമായി തെരഞ്ഞെടുത്ത കർത്താവേ.

**ശുശ്രൂഷി:** ആകാശത്തിലും ഭൂമിയിലുമുള്ള സകല മനുഷ്യരെയുംകാൾ മറിയത്തെ വരപ്രസാദത്താൽ അലങ്കരിക്കുകയും സഭയിൽ അതുല്യ രീതിയിൽ അംഗത്വം നല്കി ഞങ്ങൾക്കു മാതൃകയാക്കുകയും ചെയ്ത കർത്താവേ.

**ശുശ്രൂഷി:** അങ്ങയുടെ പീഡാനുഭവത്തിന്റെയും കുരിശു മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പാവനസ്മരണയ്ക്കായി വിശുദ്ധ കുർബാന സ്ഥാപിക്കുകയും, ജീവിതത്തിന്റെ ആരംഭം മുതൽ അവസാനംവരെ എല്ലാ രംഗങ്ങളേയും വിശുദ്ധീകരിക്കുവാൻ മറ്റു കൂദാശകൾ സ്ഥാപിക്കുകയും ചെയ്ത കർത്താവേ.

**ശുശ്രൂഷി:** എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും എന്നരുളിയ കർത്താവേ, മരണത്തിലൂടെ വേർപിരിഞ്ഞ ഞങ്ങളുടെ പ്രിയപ്പെട്ടവരുടെ കടങ്ങളും പാപങ്ങളും ക്ഷമിച്ച് അവരെ നിത്യാനന്ദത്തിൽ ചേർക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

*(തുടർന്ന് കുടുംബപ്രാർത്ഥനനയ്ക്ക് താഴെയുള്ള പ്രാർത്ഥന) കൂടാരയോഗത്തിന് പേജ് 16 കോളം 1)*

---

## എല്ലാ ദിവസത്തേക്കുമുള്ള കാറോസൂസാ
## കുടുംബ പ്രാർത്ഥനയ്ക്ക്

*(കുടുംബാംഗങ്ങൾ മാറിമാറി ചൊല്ലുക).*

**ശുശ്രൂഷി:** നസ്രത്തിലെ ചെറിയ ഭവനത്തിൽ വന്നുവസിക്കുവാൻ തിരുമനസ്സായ കരുണാനിധിയായ കർത്താവേ, സന്താന വാത്സല്യമുള്ള മാതാപിതാക്കളും, സ്നേഹവും അനുസരണയുമുള്ള മക്കളും ആയിത്തീർന്ന്, ഈ കുടുംബം തിരുകുടുംബത്തിന്റെ പ്രതിഛായയായിത്തീരുവാൻ അനുഗ്രഹിക്കണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ശുശ്രൂഷി:** അദ്ധ്വാനിക്കുകയും ഭാരം ചുമക്കുകയും ചെയ്യുന്നവർക്ക് അത്താണിയായ കർത്താവേ, ഈ കുടുംബത്തെ സംരക്ഷിക്കുവാൻ അദ്ധ്വാനിക്കുകയും ക്ലേശിക്കുകയും ചെയ്യുന്നവർക്കു ഫലസമൃദ്ധമായി നല്കുകണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** കൂദാശകൾവഴി ദൈവീകജീവൻ പ്രദാനം ചെയ്യുന്ന സർവ്വശക്തനായ ദൈവമേ, വിവാഹമെന്ന കൂദാ

ശയാൽ ബന്ധിക്കപ്പെട്ട മാതാപിതാക്കളും, നീ ദാനമായി അവർക്കു നല്കിയ മക്കളും, ദൈവിക ജീവനിൽ സദാവള രുവാൻ, കൃപനല്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ശുശ്രൂഷി:** വെള്ളത്തെ വീഞ്ഞാക്കിമാറ്റി, കാനായിലെ കുടുംബത്തെ അഭിമാനക്ഷയത്തിൽനിന്നും രക്ഷിച്ച കർത്താവേ, ഈ കുടുംബാംഗങ്ങളെ ആശാഭംഗത്തിൽ നിന്നും പരാജയങ്ങളിൽ നിന്നും, ദയാപൂർവ്വം സംരക്ഷിക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** കാറ്റും കോളുമേറ്റ് കടലിലകപ്പെട്ടുപോയ ശിഷ്യന്മാരെ കരുണാപൂർവ്വം കാത്തുരക്ഷിച്ച കർത്താവേ, പഠിക്കുന്നതിനും പണിയെടുക്കുന്നതിനും അനുദിനം യാത്ര ചെയ്യുന്ന ഈ കുടുംബാംഗങ്ങളെ എല്ലാവിധ അത്യാഹിതങ്ങളിൽനിന്നും കാത്തുകൊള്ളണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** സക്കേവൂസിന്റെ ഭവനം സന്ദർശിക്കുകയും ആ കുടുംബത്തെ അനുഗ്രഹിക്കുകയും ചെയ്ത കരുണാമയനായ ഈശോയെ അങ്ങു ഞങ്ങളുടെ കുടുംബത്തിലെ നായകനായി വന്നുവസിക്കണമെന്നും ഞങ്ങളെ അനുഗ്രഹിക്കേണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*(അവസരോചിതമായി പ്രാർത്ഥന കുറയ്ക്കുകയോ സ്വയംപ്രേരിത പ്രാർത്ഥനകൾ കൂട്ടിചേർക്കുകയോ ചെയ്യാം).*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരേയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്നു.

*(തുടർന്ന് പേജ് 16 കോളം 2)*

---

### *എല്ലാ ദിവസത്തേക്കുമുള്ള കാറോസൂസാ*
## കൂടാരയോഗത്തിന്

*(സമൂഹാംഗങ്ങൾ മാറിമാറി ചൊല്ലുക).*

**ശുശ്രൂഷി:** ഈ ഭവനത്തിൽ നാമെല്ലാവരും ഒരുമിച്ചു കൂടുവാൻ ദൈവം തിരുമനസ്സായി. ഉറച്ച വിശ്വാസത്തോടും നിറഞ്ഞ പ്രതീക്ഷയോടും നിർമ്മലമായ ഹൃദയത്തോടും കൂടി നമുക്ക് കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്ന് അപേക്ഷിക്കാം.

**സമൂഹം:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.

**ശുശ്രൂഷി:** ഭവനംതോറും ഒരുമിച്ചു കൂടുകയും കൂട്ടായ്മയോടെ പ്രാർത്ഥിക്കുകയും ചെയ്ത ആദിമ ക്രൈസ്തവസമൂഹത്തെപ്പോലെ ഒരുമയോടെ പ്രാർത്ഥിക്കുവാനും പരസ്പരം പങ്കുവെക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മി:** സ്നേഹനിധിയായ കർത്താവേ, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കയില്ലല്ലോ. ആകയാൽ ഈ സമൂഹത്തിലെ അംഗങ്ങൾ പരസ്പരയോജിപ്പോടും സ്നേഹത്തോടുംകൂടി വർത്തിക്കുവാൻ അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** എല്ലാം ത്യജിച്ച് അങ്ങയെ അനുഗമിക്കുവാനും, സുവിശേഷത്തിന്റെ സാക്ഷികളാകുവാനും, പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേക്കും ധാരാളം ദൈവവിളികൾ നല്കി തിരുസഭയേയും, പ്രത്യേകിച്ച് ഞങ്ങളുടെ ഇടവകയേയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**ശുശ്രൂഷി:** തിരുസഭയുടെ ദൃശ്യതലവനായ ഞങ്ങളുടെ പരിശുദ്ധ പിതാവ് മാർ ... പാപ്പായേയും, ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ ... ശ്രേഷ്ഠ-മെത്രാപ്പോലിത്തയേയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനായ മാർ ... മെത്രാനേയും, അവരുടെ സഹപ്രവർത്തകരെയും, ഞങ്ങളുടെ വികാരിയച്ചനേയും ആത്മീയനന്മകൾനല്കി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

*(അവസരോചിതമായി പ്രാർത്ഥന കുറയ്ക്കുകയോ സ്വയം പ്രേരിതപ്രാർത്ഥനകൾ കൂട്ടി ചേർക്കുകയോ ചെയ്യാം).*

**ശുശ്രൂഷി:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരേയും / പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

**സമൂഹം:** ഞങ്ങളുടെ ദൈവമായ കർത്താവേ / അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്നു.

---

### കാറോസൂസായുടെ സമാപന പ്രാർത്ഥന

**കാർമ്മി:** തിരുസ്സഭയെ കളങ്കമേശാത്ത വധുവാക്കിത്തീർക്കുവാൻ കാൽവരിയിൽ ജീവാർപ്പണംചെയ്ത മിശിഹായേ, അങ്ങേ തിരുശരീരരക്തങ്ങളാൽ പരിപോഷിക്കപ്പെടുന്ന ഈ സമൂഹത്തിൽ അങ്ങുന്ന പ്രസാദിക്കേണമെ. പരിശുദ്ധാത്മാവിന്റെ സ്നേഹത്തിൽ അങ്ങ് പിതാവിനോട് ഒന്നായിരിക്കുന്നതുപോലെ ഞങ്ങളും അങ്ങിൽ ഒന്നായിരിക്കുവാൻ സഹായിക്കേണമെ. നിത്യസൗഭാഗ്യത്തെ പാർത്തിരിക്കുന്ന ഞങ്ങളേവരേയും നിലനിൽപ്പിന്റെ വരം നല്കി അനുഗ്രഹിക്കുകയും ചെയ്യണമെ.

**സമൂഹം:** ആമ്മേൻ.

### *(എല്ലാവരും എഴുന്നേറ്റുനിന്നുകൊണ്ട്)*

### വിശ്വാസ പ്രഖ്യാപനം

**കാർമ്മി:** സർവ്വശക്തനും പിതാവുമായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.
*(സമൂഹവും ചേർന്നു തുടരുന്നു).* ദൃശ്യവും അദൃശ്യവുമായ / സകലത്തിന്റെയും സ്രഷ്ടാവിൽ ഞങ്ങൾ വിശ്വസിക്കുന്നു. / ദൈവത്തിന്റെ ഏകപുത്രനും / സകല സൃഷ്ടികൾക്കു മുമ്പുള്ള ആദ്യജാതനും / യുഗങ്ങൾക്കെല്ലാംമുമ്പ് പിതാവിൽനിന്നു ജനിച്ചവനും / എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും / ഏകകർത്താവുമായ ഈശോമിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു. / അവിടുന്ന് സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും / പിതാവിനോടുകൂടെ ഏകസത്തയുമാകുന്നു. / അവിടുന്നുവഴി പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുകയും / എല്ലാം സൃഷ്ടിക്കപ്പെടുകയും ചെയ്തു. / മനുഷ്യരായ നമുക്കുവേണ്ടിയും / നമ്മുടെ രക്ഷയ്ക്കുവേണ്ടിയും / അവിടുന്നു സ്വർഗ്ഗത്തിൽനിന്നിറങ്ങി / പരിശുദ്ധാത്മാവിനാൽ / കന്യകാമറിയത്തിൽനിന്ന് ശരീരം സ്വീകരിച്ച് / മനുഷ്യനായിപ്പിറന്നു. / പന്തിയോസ് പീലാത്തോസിന്റെ കാലത്തു പീഡകൾ സഹിക്കുകയും / സ്ലീവായിൽ തറയ്ക്കപ്പെട്ടു മരിക്കുകയും / സംസ്കരിക്കപ്പെടുകയും / എഴുതപ്പെട്ടിരിക്കുന്നതുപോലെ / മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയുംചെയ്തു. / അവിടുന്ന് സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി / പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു. / മരിച്ചവരേയും ജീവിക്കുന്നവരേയും വിധിക്കുവാൻ / അവിടുന്നു വീണ്ടും വരുവാനിരിക്കുന്നു. / പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന / സത്യാത്മാവും ജീവദാതാവുമായ / ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. / ഏകവും പരിശുദ്ധവും / ശ്ലൈഹികവും സാർവ്വത്രികവുമായ സഭയിലും / ഞങ്ങൾ വിശ്വസിക്കുന്നു. / പാപമോചനത്തിനുള്ള ഏക മാമ്മോദീസയും / ശരീരത്തിന്റെ ഉയിർപ്പും / നിത്യായുസ്സും ഞങ്ങൾ ഏറ്റുപറയുകയും ചെയ്യുന്നു. ആമ്മേൻ.

### കുടുംബപ്രതിഷ്ഠ

**കാർമ്മി:** ഈശോയുടെ തിരുഹൃദയമേ, ***(സമൂഹവും ചേർന്ന്)*** ഈ കുടുംബത്തേയും / ഞങ്ങളെ ഓരോരുത്തരേയും / ഞങ്ങൾ അങ്ങേയ്ക്കു പ്രതിഷ്ഠിക്കുന്നു. ഞങ്ങളുടെ ഈ കുടുംബത്തിൽ / അങ്ങു രാജാവായി വാഴണമേ. ഞങ്ങളുടെ പ്രവൃത്തികളെല്ലാം / അങ്ങുതന്നെ നിയന്ത്രിക്കണമേ. ഞങ്ങളുടെ ഉദ്യമങ്ങളെല്ലാം ആശീർവ്വദിക്കുകയും / ഞങ്ങളുടെ സന്തോഷങ്ങൾ വിശുദ്ധീകരിക്കുകയും / സങ്കടങ്ങളിൽ ആശ്വാസം നല്കുകയും ചെയ്യണമേ. ഞങ്ങളിൽ ആർക്കെങ്കിലും / അങ്ങയെ ഉപദ്രവിക്കാനിടയായാൽ / ഞങ്ങളോടു ക്ഷമിക്കണമേ. ഈ കുടുംബത്തിലുള്ളവരെയും / ഇവിടെ നിന്ന് അകന്നിരിക്കുന്നവരെയും / സമൃദ്ധമായി അനുഗ്രഹിക്കണമേ. മരിച്ചുപോയ ഞങ്ങളുടെ കുടുംബാംഗങ്ങളെ / നിത്യഭാഗ്യത്തിൽ പ്രവേശിപ്പിക്കണമേ. അങ്ങയെ കണ്ടാനന്ദിക്കുവാൻ / സ്വർഗ്ഗത്തിലെത്തുന്നതുവരെ / ആത്മീയവും ശാരീരികവുമായ /എല്ലാ വിപത്തുകളിലുംനിന്ന് / ഞങ്ങളെ കാത്തുകൊള്ളണമേ.

മറിയത്തിന്റെ വിമലഹൃദയവും / മാർ യൗസേപ്പ് പിതാവും / ഞങ്ങളുടെ പ്രതിഷ്ഠയെ / അങ്ങേയ്ക്കു സമർപ്പിക്കുകയും / ജീവിതകാലം മുഴുവനും / ഇതിന്റെ സജീവസ്മരണ / ഞങ്ങളിൽ നിലനിർത്തുകയും ചെയ്യട്ടെ.

ഈശോയുടെ തിരുഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

മറിയത്തിന്റെ വിമലഹൃദയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

വിശുദ്ധ യൗസേപ്പേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

വിശുദ്ധ മാർഗരീത്താ മറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

മാർത്തോമ്മാ ശ്ലീഹായേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

വിശുദ്ധ അൽഫോൻസാമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**കാർമ്മി:** അങ്ങേ കൃപയുടെ വാതിൽക്കൽ മുട്ടിവിളിക്കുന്നവർക്കു വാതിൽ തുറന്നുകൊടുക്കുന്ന കർത്താവേ, പ്രശാന്തമായ സായംകാലവും ആശ്വാസപ്രദമായ രാത്രിയും പ്രതീക്ഷാനിർഭരമായ പ്രഭാതവും സദ്പ്രവർത്തികൾ നിറഞ്ഞ ദിവസവും നല്കി ഞങ്ങളെ അനുഗ്രഹിക്കണമേ. ഞങ്ങളുടെ ജീവിതകാലം മുഴുവനും അങ്ങയെ പ്രസാദിപ്പിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

### മാതാവിനോട് മദ്ധ്യസ്ഥ പ്രാർത്ഥന

**കാർമ്മി:** ഏറ്റവും പരിശുദ്ധയായ കന്യകാമറിയമേ ***(സമൂഹവും ചേർന്ന്)*** ദൈവത്തിന്റെ ഹിതമനുസരിച്ചു പ്രവർത്തിക്കുകമൂലം / സകല തലമുറകളാലും ഭാഗ്യവതിയെന്ന് / പുകഴ്ത്തപ്പെടുവാൻ തക്കവിധം / ദൈവമാതാവായി തീർന്ന / അനുഗ്രഹീതയായ ഞങ്ങളുടെ അമ്മേ / ഇതാ മക്കളായ ഞങ്ങൾ / നിന്റെ പക്കൽ അഭയം തേടുന്നു. എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് / ദിവ്യപുത്രന്റെ ജനനത്തിനൊരുങ്ങിയ / നന്മനിറഞ്ഞ മറിയമേ / വഴിയും സത്യവും ജീവനുമായ / നിന്റെ ദിവ്യസുതനു യോഗ്യരായി ജീവിക്കുവാൻ / ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ / എല്ലായ്പ്പോഴും ഞങ്ങളുടെ ആശ്രയമായ മാതാവേ / കാനായിലെ കല്ല്യാണത്തിൽ വച്ച് / വെള്ളം വീഞ്ഞാക്കി മാറ്റുവാൻ / മദ്ധ്യസ്ഥം അപേക്ഷിച്ച നല്ല അമ്മേ / അനുദിനജീവിതത്തിലെ പ്രശ്നങ്ങളിലും ക്ലേശങ്ങളിലും / ഞങ്ങളെ സഹായിക്കണമേ. സന്തോഷത്തിലും സന്താപത്തിലും / ദിവ്യസുതനെ വിശ്വസ്തയായി അനുഗമിച്ച മാതാവേ /

സ്ഥിരവിശ്വാസത്തോടും പരിപൂർണ്ണ പ്രതീക്ഷയോടും / അളവറ്റ സ്നേഹത്തോടും കൂടി / ഞങ്ങളുടെ ജീവിതകാലം മുഴുവനും / നിന്റെ പ്രിയപുത്രനായ ഈശോമിശിഹായെ അനുഗമിക്കുവാനും / നിത്യാനന്ദത്തിൽ നിരന്തരം പാടിപ്പുകഴ്ത്തുവാനും യോഗ്യരാകുവാൻ / ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ. ആമ്മേൻ.

**വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന**

*(രീതി: നരരക്ഷകനാം മിശിഹായേ / ളൂയെ)*

നിത്യപുരോഹിതനീശോ നിൻ
വൈദികരെ പാലിക്കണമേ
പാവന ജീവിത പാതകളിൽ
സന്തതമവരെ നയിക്കണമെ.

ചിന്തകൾ വാക്കുകൾ ചെയ്തികളിൽ
നന്മയിലെന്നും മുന്നേറാൻ
തിന്മകൾ ദൂരെ അകറ്റിടുവാൻ
നൽ വരമേകി നയിക്കണമെ.

സാത്താൻ നിറയും വൈരമൊടെ
നിർദ്ദയമവരെയലട്ടുമ്പോൾ
നാഥാ നിൻ തിരുഹൃദയത്തിൻ
വാതിലവർക്ക് തുറക്കണമെ.

ജോലികളെല്ലാം തീർത്തൊടുവിൽ
നിൻ തിരുസന്നിധിയണയുമ്പോൾ
സദയമവർക്ക് സനാതനമാം
നിത്യാനന്ദം നല്കണമെ.

വൈദിക റാണി, വിമലാംബേ
മരിയ വിയാനി മദ്ധ്യസ്ഥാ
പ്രേഷിത താതാ മാർതോമ്മാ
പ്രാർത്ഥിക്കണമെ ദാസർക്കായ്.

**(അല്ലെങ്കിൽ)**

**കാർമ്മി:** നിത്യപുരോഹിതനായ ഈശോയേ, *(സമൂഹവും ചേർന്നു തുടരുന്നു).* അങ്ങേ ദാസരായ വൈദികർക്ക് / യാതൊരാപത്തും വരാതെ / അങ്ങേ തിരുഹൃദയത്തിൽ സദാ പരിപാലിക്കണമെ. അങ്ങേ പരിശുദ്ധമായ ശരീരത്തെ / ദിവസം തോറും എടുക്കുന്ന അവരുടെ കരങ്ങളെ / മലിനമാകാതെ കാത്തുകൊള്ളണമെ. അങ്ങേ വിലയേറിയ തിരുരക്തത്താൽ നനയുന്ന / അവരുടെ നാവുകളെ / നിർമ്മലമായി കാത്തുകൊള്ളണമെ. ശ്രേഷ്ഠമായ അങ്ങയുടെ പൗരോഹിത്യത്തിന്റെ / മഹനീയമുദ്ര പതിച്ചിരിക്കുന്ന / അവരുടെ ഹൃദയങ്ങളെ / ലോകവസ്തുക്കളിൽനിന്ന് അകറ്റുകയും / ശുദ്ധമായി കാത്തുകൊള്ളുകയും ചെയ്യണമെ. അങ്ങേ ദിവ്യസ്നേഹം / ലോകതന്ത്രങ്ങളിൽനിന്നും അവരെ സംരക്ഷിക്കട്ടെ. അവരുടെ പ്രയത്നങ്ങൾ / ഫലസംദായകങ്ങളായി ഭവിക്കട്ടെ. അവരുടെ ശുശ്രൂഷ ലഭിക്കുന്നവർ / ഇഹത്തിൽ അവരുടെ ആനന്ദവും പരത്തിൽ നിത്യസൗഭാഗ്യത്തിന്റെ മകുടവും ആയിത്തീരട്ടെ. ആമ്മേൻ.

ലോകരക്ഷകനായ ഈശോയേ, അങ്ങേ പുരോഹിതരെ വിശുദ്ധീകരിക്കണമെ.

വൈദികരുടെ രാജ്ഞിയായ പരിശുദ്ധ മറിയമേ, വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമെ.

**മരിച്ചവർക്കു വേണ്ടി**

**കാർമ്മി:** അനന്തമായ സ്നേഹത്താൽ ഞങ്ങളെ സൃഷ്ടിക്കുകയും ***(സമൂഹവും ചേർന്ന്)*** അതുല്യമായ കൃപയാൽ ഞങ്ങളെ രക്ഷിക്കുകയും / അമൂല്യമായ കൃപാവരത്താൽ ഞങ്ങളെ പരിപാലിക്കുകയും ചെയ്യുന്ന / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ / ഞങ്ങളിൽനിന്നും വേർപിരിഞ്ഞുപോയ സകല മരിച്ചവരേയും / അങ്ങു കരുണാപൂർവ്വം കടാക്ഷിക്കണമേ / ദുഃഖിതരെ ആശ്വസിപ്പിക്കാൻ വേണ്ടി / ലാസറിന്റെ കബറിടത്തിൽ / സ്വയം കണ്ണുനീർ ചിന്തിയ മിശിഹായേ / മരിച്ചുപോയ ഞങ്ങളുടെ പ്രിയപ്പെട്ടവരിൽ / അങ്ങയുടെ കാരുണ്യം ചൊരിയുകയും / കടങ്ങളും പാപങ്ങളും ക്ഷമിച്ച് / അവരെ നിത്യമഹത്വത്തിന്റെ പ്രഭയാൽ / പ്രകാശിപ്പിക്കുകയും ചെയ്യണമേ. മരണശേഷം ഞങ്ങളെല്ലാവരും / സകല വിശുദ്ധരോടും മാലാഖമാരോടുമൊത്ത് / സ്വർഗ്ഗത്തിൽ / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ / അങ്ങയെ നിരന്തരം പാടിസ്തുതിക്കുവാൻ ഇടവരുത്തണമെന്നും / ഞങ്ങൾ അപേക്ഷിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും. ആമ്മേൻ.

*(താഴെ കൊടുത്തിരിക്കുന്ന സ്ലോസാകൾ ഓരോരുത്തർ മാറിമാറി ചൊല്ലാവുന്നതാണ്).*

**കാർമ്മി:** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, നിന്റെ അനുഗ്രഹാശിസ്സുകൾ / നിന്റെ ജനത്തിന്മേൽ ഉണ്ടാകുമാറാകട്ടെ. ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ / നിന്റെ കരുണ എപ്പോഴും ഉണ്ടായിരിക്കട്ടെ. ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കുന്നവനും / ഞങ്ങളുടെ നല്ല ശരണവും / കരുണ നിറഞ്ഞ അഭയവും / സകലത്തിന്റെയും നാഥനും / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ; കർത്താവേ അനുഗ്രഹിക്കേണമേ.

**കാർമ്മി:** പിതാവിന്റെ സമാധാനം നമ്മോടുകൂടെയും / പുത്രന്റെ സ്നേഹം നമ്മുടെ ഇടയിലും ഉണ്ടായിരിക്കട്ടെ. തന്റെ തിരുവിഷ്ടംപോലെ റൂഹാദക്കുദിശാ നമ്മെ നയിക്കട്ടെ. അവന്റെ കരുണയും ദയയും / നമ്മുടെമേൽ എപ്പോഴും ഉണ്ടായിരിക്കട്ടെ. സകലത്തിന്റെയും നാഥനും / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ; കർത്താവേ അനുഗ്രഹിക്കേണമേ.

**കാർമ്മി:** കർത്താവേ നിന്റെ സമാധാനം ഞങ്ങളിൽ വസിക്കട്ടെ. നിന്റെ ശാന്തി ഞങ്ങളെ ഭരിക്കട്ടെ. നിന്റെ സ്നേഹം ഞങ്ങളുടെ ജീവിതകാലം മുഴുവനും / ഞങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരട്ടെ. സകലത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ; കർത്താവേ അനുഗ്രഹിക്കേണമേ.

**കാർമ്മി:** കർത്താവേ, നിന്റെ നിലനിൽക്കുന്ന സ്നേഹവും / സമാധാനവും ജ്ഞാനതീഷ്ണതയും / ജീവനും സന്തോഷവും ഞങ്ങൾക്കു തരണമേ. ഞങ്ങൾക്ക് ആവശ്യമായിരിക്കുന്നവ / ഒരിക്കലും കുറയാനനുവദിക്കരുതേ. സകലത്തിന്റെയും നാഥനും / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ; കർത്താവേ അനുഗ്രഹിക്കേണമേ.

**കാർമ്മി:** കർത്താവേ, നിന്റെ അജഗണത്തിന്റെ രക്തത്തിനായി ദാഹിക്കുന്ന ചെന്നായ്ക്കൾ / ഞങ്ങളെ ഉപദ്രവിക്കാതെ / തൊഴുത്തിൻ മുറ്റത്തു വസിക്കുന്ന / ഉറങ്ങാത്ത കാവൽക്കാരനായിരിക്കണമേ. എന്തുകൊണ്ടെന്നാൽ, അങ്ങു കുറയാത്ത സ്നേഹത്തിന്റെ സമുദ്രമാകുന്നു. സകലത്തിന്റെയും നാഥനും / പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ; കർത്താവേ അനുഗ്രഹിക്കേണമേ.

### സഹായ അഭ്യർത്ഥന

**കാർമ്മി:** കർത്താവേ, അങ്ങേ മഹത്വമേറിയ ത്രീത്വത്തിന്റെ നിഗൂഢമായ ശക്തിയും / അനന്തമായ അനുഗ്രഹവും / നിരന്തരമായ സഹായവും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. പരിശുദ്ധ കന്യകാമറിയത്തിന്റെ അപേക്ഷയും, മാർ യൗസേപ്പിന്റെയും വിശുദ്ധ ശ്ലീഹന്മാരുടെയും പ്രാർത്ഥനകളും, ഞങ്ങളുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും, മാർ ഗീവർഗ്ഗീസിന്റെയും മറ്റു വേദസാക്ഷികളുടെയും, വിശുദ്ധ അൽഫോൻസാമ്മയുടെയും /ഞങ്ങളുടെ ഇടവക മദ്ധ്യസ്ഥനായ(യായ) ............ യും / കൂടാരയോഗ മദ്ധ്യസ്ഥനായ(യായ) ............ യും / മറ്റു സകല വിശുദ്ധരുടെയും മല്പാന്മാരുടേയും മദ്ധ്യസ്ഥതയും, ഞങ്ങളെ സഹായിക്കുമാറാകട്ടെ. അവ ഞങ്ങൾക്ക് / അഭയവും സഹായവും, ദുഷ്ടപിശാചിലും അവന്റെ സൈന്യ ങ്ങളിലും നിന്നു സംരക്ഷണവും നല്കി / നിത്യഭാഗ്യത്തിലേക്ക് ഞങ്ങളെ നയിക്കുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂഹം:** ആമ്മേൻ.

### സമാപന പ്രാർത്ഥന

**കാർമ്മി:** കാരുണ്യവാനായ ദൈവമേ, ഈ ദിവസം അങ്ങു ഞങ്ങൾക്കുനല്കിയ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കും, പ്രത്യേകിച്ച് ഞങ്ങളെ ഒരുമിച്ചു കൂട്ടിയതിനും, ഞങ്ങൾ നന്ദി പറയുന്നു. വിചാരം വചനം പ്രവൃത്തി ഇവ മൂലം, ഞങ്ങൾ ചെയ്തു പോയ പാപങ്ങളെല്ലാം ഞങ്ങളോടു ക്ഷമിക്കുകയും, പീഡകളിൽ ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യേണമേ. നിത്യ സൗഭാഗ്യത്തിലേക്ക് ഞങ്ങളെ ആനയിക്കുകയും, ജീവിതത്തിലുണ്ടാകുന്ന എല്ലാ ഉപദ്രവങ്ങളിൽ നിന്നും, നിന്റെ വിശുദ്ധ സ്ലീവായുടെ ശക്തിയാൽ ഞങ്ങളെ രക്ഷിക്കുകയും, നിന്റെ തൃക്കരങ്ങൾ നീട്ടി നിന്റെ മക്കളായ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യേണമേ. ഇപ്പോഴും എപ്പോഴും എന്നേക്കും.

**സമൂഹം:** ആമ്മേൻ.

### സമാപന ഗാനം

നിത്യസഹായമാതേ,
പ്രാർത്ഥിക്കാ ഞങ്ങൾക്കായ് നീ
നിൻ മക്കൾ ഞങ്ങൾക്കായ് നീ,
പ്രാർത്ഥിക്ക സ്നേഹനാഥേ.

നീറുന്ന മാനസങ്ങൾ,
ആയിരമായിരങ്ങൾ
കണ്ണീരിൻ താഴ്‌വരയിൽ,
നിന്നിതാ കേഴുന്നമ്മേ.

കേൾക്കണേ രോദനങ്ങൾ,
നല്കണേ നൽവരങ്ങൾ
നിൻ ദിവ്യ സൂനുവിങ്കൽ,
ചേർക്കണേ മക്കളേ നീ.

*(സ്വയം കുരിശു വരച്ച് ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ എന്നു പറഞ്ഞ് പരസ്പരം സ്തുതി കൊടുക്കുന്നു.)*

---

## കൂടാരയോഗ നടപടിക്രമം

(പ്രാർത്ഥനയെ തുടർന്ന്)

1. സ്വാഗതം: കുടുംബനാഥൻ / നാഥ
2. റിപ്പോർട്ട്: കൂടാരയോഗം സെക്രട്ടറി
3. കണക്ക്: കൂടാരയോഗം ട്രഷറർ
4. ഹാജർ രേഖപ്പെടുത്തൽ
5. പൊതു ചർച്ച
6. അടുത്ത കൂടാരയോഗത്തിന്റെ സ്ഥലവും തീയതിയും
7. ജന്മദിന - വിവാഹ വാർഷിക ആഘോഷങ്ങൾ
8. നന്ദി: കൂടാരയോഗം കോർഡിനേറ്റർ
9. ലഘു ഭക്ഷണം.

# മാതാവിന്റെ ജപമാല

## *(അമ്പത്തിമൂന്നുമണി ജപം)*

അളവില്ലാത്ത സകല നന്മസ്വരൂപിയായിരിക്കുന്ന സർവ്വേശ്വരാ കർത്താവേ, നന്ദിഹീനരും പാപികളുമായിരിക്കുന്ന ഞങ്ങൾ, അറുതിയില്ലാത്ത മഹിമപ്രതാപത്തോടു കൂടിയിരിക്കുന്ന, അങ്ങേ സന്നിധിയിൽ ജപം ചെയ്യാൻ അയോഗ്യരായിരിക്കുന്നു. എങ്കിലും അങ്ങേ അനന്ത ദയയിന്മേൽ ശരണപ്പെട്ടുകൊണ്ട്, പരിശുദ്ധ ദൈവമാതാവിന്റെ സ്തുതിക്കായി അമ്പത്തിമൂന്നുമണിജപം ചെയ്യാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ ജപം ഭക്തിയോടുകൂടെ, പലവിചാരം കൂടാതെ തികയ്ക്കുവാൻ, കർത്താവേ അങ്ങു ഞങ്ങളെ സഹായിക്കണമെ.

**വിശ്വാസ പ്രഖ്യാപനം**

സർവ്വശക്തനായ പിതാവും, ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ / ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏകപുത്രനും, ഞങ്ങളുടെ കർത്താവുമായ / ഈശോമിശിഹായിലും വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവിനാൽ ഗർഭസ്ഥനായി, കന്യകാമറിയത്തിൽനിന്നും പിറന്ന്, പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഢകൾ സഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ട്, പാതാളങ്ങളിൽ ഇറങ്ങി, മരിച്ചവരുടെ ഇടയിൽ നിന്നും മൂന്നാം നാൾ ഉയിർത്ത്, സ്വർഗ്ഗത്തിലേയ്ക്കെഴുന്നള്ളി, സർവ്വശക്തിയുള്ള പിതാവായ / ദൈവത്തിന്റെ വലതു ഭാഗത്ത് ഇരിക്കുന്നു. അവിടെനിന്നും ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കാൻ / വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ കത്തോലിക്കാസഭയിലും, പുണ്യവാന്മാരുടെ ഐക്യത്തിലും, പാപങ്ങളുടെ മോചനത്തിലും, ശരീരത്തിന്റെ ഉയർപ്പിലും, നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ.

1സ്വർഗ്ഗസ്ഥനായ ...

പിതാവായ ദൈവത്തിന്റെ മകളായിരിക്കുന്ന പരിശുദ്ധ മറിയമേ, ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യമുണ്ടായി ഫലം ചെയ്യുന്നതിന്, അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമെ.

1നന്മനിറഞ്ഞ ...

പുത്രനായ ദൈവത്തിന്റെ മാതാവായിരിക്കുന്ന പരിശുദ്ധ മറിയമേ, ഞങ്ങളിൽ ദൈവശരണമെന്ന പുണ്യമുണ്ടായി വളരുന്നതിന്, അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമെ.

1നന്മനിറഞ്ഞ ...

പരിശുദ്ധാത്മാവായ ദൈവത്തിന് ഏറ്റം പ്രിയമുള്ള പരിശുദ്ധ മറിയമേ, ഞങ്ങളിൽ ദൈവഭക്തിയെന്ന പുണ്യമുണ്ടായി വർദ്ധിക്കുന്നതിന്, അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കണമെ.

1നന്മനിറഞ്ഞ ..., 1പിതാവിനും ...

### സന്തോഷകരമായ ദൈവരഹസ്യങ്ങൾ

*(തിങ്കൾ,ശനി ദിവസങ്ങളിൽ)*

**ഒന്നാം ദൈവരഹസ്യം**

*മംഗല വാർത്ത. (ലൂക്കാ 1: 26-38)*

പരിശുദ്ധ കന്യാസ്ത്രീ മറിയമേ, ദൈവവചനം അങ്ങേ തിരുവുദരത്തിൽ മനുഷ്യാവതാരം ചെയ്യുമെന്ന്, ഗബ്രിയേൽ ദൈവദൂതൻ ദൈവകല്പനയാൽ അങ്ങേ അറിയിച്ചതിനാൽ, അങ്ങേയ്ക്കുണ്ടായ സന്തോഷത്തെ ഓർത്തു ധ്യാനിക്കുന്ന, അങ്ങേ മക്കളായ ഞങ്ങൾ, ഞങ്ങളുടെ ഹൃദയത്തിലും എപ്പോഴും തന്നെ സംഗ്രഹിച്ചുകൊണ്ടിരിക്കുവാൻ കൃപചെയ്യണമെ.

1സ്വർ ... 10 നന്മ ... 1ത്രീത്വ ...

---

***ഗാനം: നന്മ നിറഞ്ഞ മറിയമേ ...***

*സ്വസ്തി നന്മ പൂരിതേ നിന്നോടുകൂടെ നാഥനും*
*സ്ത്രീകളിൽ അനുഗ്രഹീത നിൻ കുമാരനേശുവും.*

*പാപരഹിതയായ മേരി തമ്പുരാന്റെ അമ്മ നീ*
*പാപികൾ ഞങ്ങൾക്കുവേണ്ടി*
*പ്രാർത്ഥിക്കേണമെപ്പോഴും.*

***ഗാനം: ത്രീത്വസ്തുതി***

*താതനും സ്വപുത്രനും തൻ പാവനാത്മനും മുദാ*
*സ്തോത്രമേകിടുന്നു നിത്യകാലവും നമോ സ്തുതേ.*

---

**ഓ എന്റെ ഈശോയെ,** ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ. നരകാഗ്നിയിൽ നിന്നും ഞങ്ങളുടെ രക്ഷിക്കണമേ. എല്ലാ ആത്മാക്കളേയും, പ്രത്യേകിച്ച് അങ്ങേ സഹായം കൂടുതൽ ആവശ്യമുള്ളവരേയും, സ്വർഗ്ഗത്തിലേക്കാനയിക്കണമേ.

പരിശുദ്ധ ജപമാലയുടെ രാജ്ഞി, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**രണ്ടാം ദൈവരഹസ്യം**

*മറിയം എലിസബത്തിനെ സന്ദർശിക്കുന്നു.*
*(ലൂക്കാ 1: 39-45)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ ഇളയമ്മയായ ഏലീശ്വാ പുണ്യവതിയെ അങ്ങു ചെന്നു കണ്ടപ്പോൾ, ആ പുണ്യവതിക്ക് സർവ്വേശ്വരൻചെയ്ത കരുണയെക്കണ്ട്, അങ്ങേയ്ക്കുണ്ടായ അത്യധിക സന്തോഷത്തെ ഓർത്തു ധ്യാനിക്കുന്ന ഞങ്ങൾ, ലൗകിക സന്തോഷങ്ങൾ പരിത്യജിച്ച്, പരലോക സന്തോഷങ്ങളെ ആഗ്രഹിച്ചു തേടുവാൻ കൃപചെയ്യണമെ.

1സ്വർ ... 10 നന്മ ... 1ത്രീത്വ ...

ഓ എന്റെ ഈശോയെ ...

**മൂന്നാം ദൈവരഹസ്യം**

*ഈശോയുടെ ജനനം. (ലൂക്കാ 2: 1-14)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ കന്യാത്വത്തിനു അന്തരംവരാതെ, അങ്ങു ദൈവകുമാരനെ പ്രസവിച്ചതിനാൽ അങ്ങേയ്ക്കുണ്ടായ സന്തോഷത്തിന്മേൽ ധ്യാനിക്കുന്ന, ഞങ്ങളുടെ ഹൃദയത്തിലും, താൻ ജ്ഞാനവിധമായി പിറക്കുവാൻ കൃപചെയ്യണമെ.

1സ്വർ ... 10 നന്മ ... 1ത്രിത്വ ...
ഓ എന്റെ ഈശോയെ ...

**നാലാം ദൈവരഹസ്യം**

*ഈശോയെ കാഴ്ച സമർപ്പിക്കുന്നു. (ലൂക്കാ 2: 21-35)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ ദിവ്യകുമാരനെ ദൈവാലയത്തിൽ കാഴ്ചവെച്ചപ്പോൾ, മഹാത്മാക്കൾ തന്നെ സ്തുതിക്കുന്നതുകണ്ട്, അങ്ങേയ്ക്കുണ്ടായ സന്തോഷത്തിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ, അങ്ങേയ്ക്കു യോഗ്യമായ ദൈവാലയമായിരിപ്പാൻ കൃപ ചെയ്യണമെ.

1സ്വർ ... 10 നന്മ ... 1ത്രിത്വ ...
ഓ എന്റെ ഈശോയെ ...

**അഞ്ചാം ദൈവരഹസ്യം**

*ഈശോ ദൈവാലയത്തിൽ. (ലൂക്കാ 2: 41-52)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ പന്ത്രണ്ടു വയസ്സിൽ കാണാതെ പോയപ്പോൾ, മൂന്നാം ദിവസം ദൈവാലയത്തിൽ തർക്കിച്ചുകൊണ്ടിരിക്കയിൽ, അങ്ങുതന്നെ കണ്ടെത്തിയതിനാൽ അങ്ങേയ്ക്കുണ്ടായ സന്തോഷത്തിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ, തന്നെ ഒരിക്കലും പാപത്താൽ വിട്ടുപിരിയാതിരിപ്പാനും, വിട്ടുപിരിഞ്ഞു പോയാലുടൻ മനഃസ്താപത്താൽ തന്നെ കണ്ടെത്തുവാനും കൃപചെയ്യണമെ.

1സ്വർ ... 10 നന്മ ... 1ത്രിത്വ ...
ഓ എന്റെ ഈശോയെ ...

*(ശേഷം പേജ് 23 കോളം 1)*

## ദുഃഖകരമായ ദൈവരഹസ്യങ്ങൾ

*(ചൊവ്വാ,വെള്ളി ദിവസങ്ങളിൽ)*

**ഒന്നാം ദൈവരഹസ്യം**

*ഈശോ ഗത്സമേൻ തോട്ടത്തിൽ. (ലൂക്കാ 2: 41-44)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ പൂങ്കാവനത്തിൽവച്ച്, നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ രക്തം വിയർത്തു എന്നതിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ, ഞങ്ങളുടെ പാപങ്ങളിന്മേൽ മനഃസ്തപിച്ചു പാപശാന്തി ലഭിക്കുവാൻ കൃപചെയ്യണമെ.

1സ്വർ ... 10 നന്മ ... 1ത്രിത്വ ...
ഓ എന്റെ ഈശോയെ ...

**രണ്ടാം ദൈവരഹസ്യം**

*ഈശോയെ ചമ്മട്ടികൊണ്ട് അടിക്കുന്നു. (മത്തായി 27: 20-26)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ കൽത്തൂണിന്മേൽ കെട്ടപ്പെട്ടു ചമ്മട്ടികളാൽ അടിക്കപ്പെട്ടു എന്നതിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ, ഞങ്ങളുടെ പാപങ്ങളാലുണ്ടാകുന്ന കഠിനശിക്ഷകളിൽ നിന്നും, മനഃസ്താപത്താലും നല്ല വ്യാപാരത്താലും ഒഴിഞ്ഞുമാറുവാൻ കൃപചെയ്യേണമെ.

1സ്വർ ... 10 നന്മ ... 1ത്രിത്വ ...
ഓ എന്റെ ഈശോയെ ...

**മൂന്നാം ദൈവരഹസ്യം**

*ഈശോയെ മുൾമുടി ധരിപ്പിക്കുന്നു. (മത്തായി 27: 27-31)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുശിരസ്സിൽ മുൾമുടി ധരിപ്പിച്ച്, പരിഹാസ രാജാവായി തന്നെ സ്ഥാപിച്ചതിന്മേൽ ധ്യാനിക്കുന്ന ഞങ്ങളുടെ ഹൃദയത്തിലുള്ള പാപമുള്ളുകളെ മനഃസ്താപത്താൽ പിഴുതുകളയുവാൻ കൃപ ചെയ്യണമെ.

1സ്വർ ... 10 നന്മ ... 1ത്രിത്വ ...
ഓ എന്റെ ഈശോയെ ...

**നാലാം ദൈവരഹസ്യം**

*ഈശോമിശിഹാ കുരിശു ചുമക്കുന്നു. (ലൂക്കാ 23: 26-28)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ ഈശോമിശിഹാ മരണത്തിനു വിധിക്കപ്പെട്ടു, ഭാരമേറിയ സ്ലീവാമരം ചുമന്നുകൊണ്ട് ഗാഗുൽത്താമലയിലേക്ക് പോകുന്നതിന്മേൽ ധ്യാനിക്കുന്ന ഞങ്ങൾ, ദുഃഖമാകുന്ന സ്ലീവായെ ക്ഷമാപൂർവ്വം ചുമന്നുകൊണ്ട് തന്നെ അനുഗമിക്കുവാൻ കൃപചെയ്യണമെ.

1സ്വർ ... 10 നന്മ ... 1ത്രിത്വ ...
ഓ എന്റെ ഈശോയെ ...

**അഞ്ചാം ദൈവരഹസ്യം**

*ഈശോ കുരിശിൽ തൂങ്ങിമരിക്കുന്നു. (യോഹന്നാൻ 19: 23-30)*

പരിശുദ്ധ ദൈവമാതാവെ, അങ്ങേ തിരുക്കുമാരൻ ഗാഗുൽത്താ മലയിൽവച്ച്, അങ്ങേ മുമ്പാകെ ഇരുമ്പാണികളാൽ കുരിശിന്മേൽ തറക്കപ്പെട്ടതിന്മേൽ ധ്യാനിക്കുന്ന ഞങ്ങളുടെ ഹൃദയത്തിൽ അങ്ങേ തിരുപ്പാടുകളും വ്യാകുലതകളും പതിപ്പിച്ചരുളണമെ.

1സ്വർ ... 10 നന്മ ... 1ത്രിത്വ ...
ഓ എന്റെ ഈശോയെ ...

*(ശേഷം പേജ് 23 കോളം 1)*

## മഹിമയ്ക്കടുത്ത ദൈവരഹസ്യങ്ങൾ

*(ബുധൻ, ഞായർ ദിവസങ്ങളിൽ)*

**ഒന്നാം ദൈവരഹസ്യം**

*ഈശോ മരിച്ചവരിൽ നിന്ന് ഉയർക്കുന്നു.*
*(ലൂക്കാ 24: 5-13)*

പരിശുദ്ധ ദൈവമാതാവെ, അങ്ങേ തിരുക്കുമാരൻ പാടു പെട്ടു മരിച്ച്, മൂന്നാംനാൾ എന്നന്നേക്കും ജീവിക്കുന്നവ നായി ഉയിർത്തതിലുണ്ടായ മഹിമയെ ധ്യാനിക്കുന്ന ഞങ്ങൾ, പാപമാകുന്ന മരണത്തിൽനിന്ന് നിത്യമായി ഉയർത്തെഴുന്നേൽക്കുവാൻ കൃപചെയ്യണമെ.

1സ്വർ ... 10 നന്മ ... 1ത്രിത്വ ...
ഓ എന്റെ ഈശോയെ ...

**രണ്ടാം ദിവ്യരഹസ്യം**

*ഈശോയുടെ സ്വർഗ്ഗാരോഹണം. (ലൂക്കാ 24: 50-52)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ ഉയിർത്തു നാല്പതാം ദിവസം, അനന്തമായ മഹിമ പ്രതാ പത്തോടുകൂടി സ്വർഗ്ഗാരോഹണം ചെയ്തതിലുണ്ടായ മഹി മയെ ധ്യാനിക്കുന്ന ഞങ്ങൾ, പരലോകവാഴ്ചയെ മാത്രം ആ ഗ്രഹിച്ചു മോക്ഷഭാഗ്യം പ്രാപിക്കുവാൻ കൃപചെയ്യണമെ.

1സ്വർ ... 10 നന്മ ... 1ത്രിത്വ ...
ഓ എന്റെ ഈശോയെ ...

**മൂന്നാം ദിവ്യരഹസ്യം**

*പരിശുദ്ധാത്മാവിന്റെ ആഗമനം. (നടപടി 2 : 1-3)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ സ്വർഗ്ഗത്തിലേയ്ക്ക് എഴുന്നള്ളിയതിന്റെ പത്താംനാൾ, ഊട്ടു ശാലയിൽ ധ്യാനിച്ചിരുന്ന തന്റെ ശിഷ്യന്മാരുടെമേലും അങ്ങേമേലും, പരിശുദ്ധാത്മാവിനെ യാത്രയാക്കിയതി നാൽ ഉണ്ടായ മഹിമയെ ധ്യാനിക്കുന്ന ഞങ്ങൾ, പരിശു ദ്ധാത്മാവിന്റെ പ്രസാദവരത്താൽ ദൈവതിരുമനസ്സു പോലെ വ്യാപരിപ്പാൻ കൃപചെയ്യ ണമെ.

1സ്വർ ... 10 നന്മ ... 1ത്രിത്വ ...
ഓ എന്റെ ഈശോയെ ...

**നാലാം ദിവ്യരഹസ്യം**

*മാതാവിന്റെ സ്വർഗ്ഗാരോപണം. (1കൊറി 15 : 20-23)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ ഉയിർത്തെഴുന്നള്ളി കുറേക്കാലം കഴിഞ്ഞപ്പോൾ, അങ്ങേ ഇഹലോകത്തിൽനിന്നും മാലാഖമാരാൽ സ്വർഗ്ഗത്തി ലേയ്ക്ക് കരേറ്റപ്പെട്ടതിലുണ്ടായ മഹിമയെ ധ്യാനിക്കുന്ന ഞങ്ങളും, അങ്ങേ സഹായത്താൽ സ്വർഗ്ഗത്തിൽ വന്നു ചേരുവാൻ കൃപചെയ്യണമെ.

1സ്വർ ... 10 നന്മ ... 1ത്രിത്വ ...
ഓ എന്റെ ഈശോയെ ...

**അഞ്ചാം ദിവ്യരഹസ്യം**

*മാതാവിനെ ത്രിലോക രാജ്ഞിയായി*
*മുടി ധരിപ്പിക്കുന്നു. (വെളിപാട് 12 : 1)*

പരിശുദ്ധ ദൈവമാതാവേ, സ്വർഗ്ഗത്തിൽ അങ്ങ് എഴു ന്നള്ളിയ ഉടനെ, അങ്ങേ തിരുക്കുമാരൻ അങ്ങയെ ത്രിലോക രാജ്ഞിയായി മുടിധരിപ്പിച്ചതിലുണ്ടായ മഹി മയെ ധ്യാനിക്കുന്ന ഞങ്ങളും, മോക്ഷാനന്ദ ഭാഗ്യത്തിൽ അങ്ങയോടുകൂടെ സന്തതം ദൈവത്തെ സ്തുതിച്ചാനന്ദിപ്പാൻ കൃപചെയ്യണമെ.

1സ്വർ ... 10 നന്മ ... 1ത്രിത്വ ...
ഓ എന്റെ ഈശോയെ ...

*(ശേഷം പേജ് 23 കോളം 1)*

## പ്രകാശത്തിന്റെ ദിവ്യ രഹസ്യങ്ങൾ

*(വ്യാഴം)*

**ഒന്നാം ദിവ്യരഹസ്യം**

*ഈശോയുടെ ജ്ഞാനസ്നാനം. (മത്തായി 3 : 13-17)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ ജോർദാൻ നദിയിൽ വച്ച്, യോഹന്നാനിൽനിന്ന് മാമ്മോ ദിസാ സ്വീകരിച്ചതിനെ ധ്യാനിക്കുന്ന ഞങ്ങൾ, മാമ്മോദി സായിൽ ലഭിച്ച ദൈവിക വരപ്രസാദം നഷ്ടമാക്കാതിരി ക്കുവാൻ കൃപചെയ്യണമേ.

1സ്വർ ... 10 നന്മ ... 1ത്രിത്വ ...
ഓ എന്റെ ഈശോയെ ...

**രണ്ടാം ദിവ്യരഹസ്യം**

*ഈശോയുടെ ആദ്യത്തെ അത്ഭുതം.*
*(യോഹന്നാൻ 2: 1-12)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ കാനായിലെ കല്ല്യാണത്തിൽ വച്ച്, വെള്ളം വീഞ്ഞാക്കി, തന്റെ അത്ഭുത പ്രവർത്തികളുടെ ആരംഭം കുറിച്ചതിനെ ധ്യാനിക്കുന്ന ഞങ്ങൾ, അങ്ങേ പുത്രന്റെ കല്പനകളെ അനു സരിച്ചു ജീവിക്കുവാൻ കൃപചെയ്യണമേ.

1സ്വർ ... 10 നന്മ ... 1ത്രിത്വ ...
ഓ എന്റെ ഈശോയെ ...

**മൂന്നാം ദിവ്യരഹസ്യം**

*ഈശോ ദൈവരാജ്യം പ്രഘോഷിക്കുന്നു.*
*(മർക്കോസ് 2 : 3-13)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ തന്റെ പരസ്യ ജീവിതകാലത്ത്, പാപങ്ങൾ ക്ഷമിക്കു കയും, ദൈവരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തര പ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ എന്ന് ആഹ്വാ നം ചെയ്യുകയും ചെയ്തതിനെ ധ്യാനിക്കുന്ന ഞങ്ങൾ, കുമ്പ സാരമെന്ന കൂദാശയിലൂടെ പാപങ്ങൾ കഴുകി കളയുന്ന

തിനും, ഞങ്ങളുടെ പ്രവർത്തികളിലൂടെ അങ്ങേപുത്രന് സാക്ഷ്യം വഹിക്കുന്നതിനും കൃപചെയ്യണമേ.

1സ്വർ ... 10 നന്മ ... 1ത്രീത്വ ...

ഓ എന്റെ ഈശോയെ ...

### നാലാം ദിവ്യരഹസ്യം

*ഈശോയുടെ രൂപാന്തരീകരണം. (ലൂക്കാ 9: 28-36)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ താബോർ മലയിൽവച്ച് രൂപാന്തരപ്പെടുകയും, അവിടുത്തെ ദൈവികമായ മഹത്വം ശിഷ്യന്മാർ ദർശിക്കുകയും ചെയ്തുവെന്നു ധ്യാനിക്കുന്ന ഞങ്ങൾ, പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ നയിക്കപ്പെടുന്നതിനും, ഞങ്ങളുടെ ജീവിതത്തിൽ ദൈവിക ചിന്തകളും വിചാരങ്ങളും നിറയുന്നതിനും കൃപചെയ്യണമേ.

1സ്വർ ... 10 നന്മ ... 1ത്രീത്വ ...

ഓ എന്റെ ഈശോയെ ...

### അഞ്ചാം ദിവ്യ രഹസ്യം

*ഈശോ വിശുദ്ധ കുർബാന സ്ഥാപിക്കുന്നു.*
*(ലൂക്കാ 22 : 7-20)*

പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരൻ തന്റെ പരസ്യ ജീവിതത്തിന്റെ അന്ത്യത്തിൽ, വിശുദ്ധ കുർബാന സ്ഥാപിച്ചുകൊണ്ട് മനുഷ്യമക്കളോടുള്ള സ്നേഹം പ്രകടമാക്കിയതിനെ ധ്യാനിക്കുന്ന ഞങ്ങൾ, വിശുദ്ധ കുർബാനയിൽ സജീവമായി പങ്കെടുക്കുന്നതിനും, ജീവിതാവസാനംവരെ ദിവ്യകാരുണ്യ നാഥനോടുള്ള സ്നേഹത്തിൽ നിലനൽക്കുന്നതിനും കൃപചെയ്യണമേ.

1സ്വർ ... 10 നന്മ ... 1ത്രീത്വ ...

ഓ എന്റെ ഈശോയെ ...

---

### അമ്പത്തിമൂന്നുമണി ജപം കാഴ്ചവെയ്ക്കുന്ന പ്രാർത്ഥന

മുഖ്യദൂതനായിരിക്കുന്ന വിശുദ്ധ മിഖായേലേ, ദൈവദൂതനായിരിക്കുന്ന വിശുദ്ധ ഗബ്രിയേലേ, വിശുദ്ധ റപ്പായേലേ, ശ്ലീഹന്മായിരിക്കുന്ന വിശുദ്ധ പത്രോസേ, വിശുദ്ധ പൗലോസേ, മാർ യോഹന്നാനേ, ഞങ്ങളുടെ പിതാവായ മാർത്തോമ്മായേ, ഞങ്ങൾ വലിയ പാപികളാണ്, എങ്കിലും ഞങ്ങൾ ജപിച്ച ഈ അമ്പത്തിമൂന്നുമണി ജപം, നിങ്ങളുടെ സ്തുതികളോടുകൂടെ, പരിശുദ്ധ ദൈവമാതാവിന്റെ തൃപ്പാദത്തിങ്കൽ കാഴ്ചവെയ്ക്കുവാൻ നിങ്ങളോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## പരിശുദ്ധ മാതാവിന്റെ ലുത്തിനിയാ

കർത്താവേ അനുഗ്രഹിക്കണമേ

മിശിഹായേ അനുഗ്രഹിക്കണമേ

കർത്താവേ അനുഗ്രഹിക്കണമേ

മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ

ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനേ
ഞങ്ങളെ അനുഗ്രഹിക്കേണമേ.
ഭൂലോക രക്ഷിതാവായ പുത്രൻ തമ്പുരാനേ
ഞങ്ങളെ അനുഗ്രഹിക്കേണമേ.
റൂഹാദക്കുദിശാതമ്പുരാനേ
ഞങ്ങളെ അനുഗ്രഹിക്കേണമേ.
ഏകസ്വരൂപമായിരിക്കുന്ന പരിശുദ്ധ ത്രീത്വമേ
ഞങ്ങളെ അനുഗ്രഹിക്കേണമേ.

പരിശുദ്ധ മറിയമേ
ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമേ

ദൈവകുമാരന്റെ പുണ്യജനനി, ഞങ്ങൾക്കു വേണ്ടി ...

കന്യാസ്ത്രികൾക്കു മകുടമായ നിർമ്മല കന്യകയേ

മിശിഹായുടെ മാതാവേ

ദൈവപ്രസാദവരത്തിന്റെ മാതാവേ

എത്രയും ദയയുള്ള മാതാവേ

അത്യന്ത വിരക്തിയുള്ള മാതാവേ

കളങ്കഹീനയായ കന്യാസ്ത്രീയായിരിക്കുന്ന മാതാവേ

കന്യാവ്രതത്തിന് അന്തരംവരാത്ത മാതാവേ

സ്നേഹഗുണങ്ങളുടെ മാതാവേ

അത്ഭുതത്തിനു വിഷയമായിരിക്കുന്ന മാതാവേ

സതുപദേശത്തിന്റെ മാതാവേ

സൃഷ്ടാവിന്റെ മാതാവേ

രക്ഷിതാവിന്റെ മാതാവേ

വിവേകൈശ്വര്യമുള്ള കന്യകയേ

പ്രകാശപൂർണ്ണമായ സ്തുതിക്കു യോഗ്യയായിരിക്കുന്ന
കന്യകയേ

വല്ലഭമുള്ള കന്യകയേ

കനിവുള്ള കന്യകയേ

വിശ്വാസവതിയായിരിക്കുന്ന കന്യകയേ

നീതിയുടെ ദർപ്പണമേ

ബോധജ്ഞാനത്തിന്റെ സിംഹാസനമേ

ഞങ്ങളുടെ തെളിവിന്റെ കാരണമേ

ആത്മജ്ഞാനപൂരിത പാത്രമേ

ബഹുമാനത്തിന്റെ പാത്രമേ

അത്ഭുതകരമായ ഭക്തിയുടെ പാത്രമേ

ദൈവരഹസ്യം നിറഞ്ഞിരിക്കുന്ന പനിനീർ കുസുമമേ

ദാവീദിന്റെ കോട്ടയേ

നിർമ്മലദന്തം കൊണ്ടുള്ള കോട്ടയേ

സ്വർണ്ണാലയമേ

വാഗ്ദാനത്തിന്റെ പെട്ടകമേ

ആകാശമോക്ഷത്തിന്റെ വാതിലേ
ഉഷകാലത്തിന്റെ നക്ഷത്രമേ
രോഗികളുടെ സ്വസ്ഥാനമേ
പാപികളുടെ സങ്കേതമേ
വ്യാകുലന്മാരുടെ ആശ്വാസമേ
ക്രിസ്ത്യാനികളുടെ സഹായമേ
മാലാഖമാരുടെ രാജ്ഞി
ബാവാന്മാരുടെ രാജ്ഞി
ദീർഘദർശികളുടെ രാജ്ഞി
ശ്ലീഹന്മാരുടെ രാജ്ഞി
വേദസാക്ഷികളുടെ രാജ്ഞി
വന്ദനീയന്മാരുടെ രാജ്ഞി
കന്യാസ്ത്രീകളുടെ രാജ്ഞി
സകല പുണ്യാവാന്മാരുടേയും രാജ്ഞി
അമലോത്ഭവയായിരിക്കുന്ന രാജ്ഞി
സ്വർഗ്ഗാരോപിതയായിരിക്കുന്ന രാജ്ഞി
പരിശുദ്ധ ജപമാലയുടെ രാജ്ഞി
സകല വിശുദ്ധന്മാരുടേയും രാജ്ഞി
സമാധാനത്തിന്റെ രാജ്ഞി
കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞി

ഭൂലോക പാപങ്ങളെ നീക്കുന്ന
ദിവ്യചെമ്മരിയാടായിരിക്കുന്ന ഈശോതമ്പുരാനേ,
കർത്താവേ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കേണമേ.

ഭൂലോക പാപങ്ങളെ നീക്കുന്ന
ദിവ്യചെമ്മരിയാടായിരിക്കുന്ന ഈശോതമ്പുരാനേ,
കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ

ഭൂലോക പാപങ്ങളെ നീക്കുന്ന
ദിവ്യചെമ്മരിയാടായിരിക്കുന്ന ഈശോതമ്പുരാനേ,
കർത്താവേ ഞങ്ങളെ അനുഗ്രഹിക്കേണമേ

*(ശേഷം പേജ് 25 കോളം 1)*

---

**(പകരം ഗാനം): മാതാവിന്റെ ലുത്തിനിയ**

താതാ ദൈവമേ നീ, കൃപചെയ്തീടണമെ
പാരിൻ ത്രാണകനേ, കൃപചെയ്തീടണമെ
പാവന റൂഹായേ, കൃപചെയ്തീടണമെ

മിശിഹാ നാഥനു ജന്മം നല്കി,
ധന്യയായൊരു കന്യാമാതേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

ദൈവിക ജീവനുറവിടമാകും,
ദിവ്യ നിർമ്മല കന്യാംബികയേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

സ്വർഗ്ഗീയമാം പരിശുദ്ധി നിറഞ്ഞൊരു,
കന്യാനാഥേ നിർമ്മല റാണി
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

പതിവ്രതയാകും പരിശുദ്ധേ നീ,
ചാരിത്രത്തിൽ സംരക്ഷകയേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

സ്നേഹത്തിന്റെ നികേതനമേ നീ,
മാനവരഖിലം വാഴ്ത്തും റാണി
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

വിജ്ഞാനത്തിൽ സുരഭില സുന്ദര,
പുഷ്പാലംകൃത മരിയാംബികയേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

സൃഷ്ടാവിൻ തിരു മാതേ രക്ഷക,
നേശു മഹേശനു ജനനീനാഥേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

സ്തുതിഗീതികളാലനവരതം പരി,
ശോഭിത മായൊരു ദൈവകുമാരി
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

ശക്തിദമാം നിൻ മാദ്ധ്യസ്ഥത്താൽ,
അനുദിനമങ്ങു നയിച്ചീടണമെ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

വിശ്വാസത്താൽ വിജയം നേടിയ,
വിജ്ഞാനത്തിൻ സിംഹാസനമേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

പാവനമാകും സന്തോഷത്തിൻ
കിരണം വീശിയ കരുണാലയമേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

സ്നേഹം നിറയും ഭക്തിയോടങ്ങേ,
കരവലയത്തിലണഞ്ഞീടുന്നു
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

സുരഭില സുന്ദര റോസാപ്പൂവേ,
വാഗ്ദാനത്തിൻ പേടകമേ നീ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

ശുഭ്ര മനോഹര ദന്താൽ നിർമ്മിത,
ദാവീദിന്നുടെ ഗോപുരമേ നീ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

രജത മനോഹര ദീപ്തി പരത്തും,
കനകാലയമേ കന്യാനാഥേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

എന്നു മുഷസ്സിലുദിച്ചു പ്രകാശം,
മന്നിൽച്ചൊരിയും താരാസുമമേ

ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

വേദന തിങ്ങിയ മരുഭൂമികളിൽ,
വീഴുന്നവരുടെ ആശ്രയമേ നീ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

ദൈവിക ദൂതഗണത്തിൻ രാജ്ഞി,
പുണ്യപിതാക്കന്മാരുടെ രജ്ഞി
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

ശ്ലീഹന്മാരുടെ റാണീ മാനവ,
കന്യകമാരുടെ മാതൃകയേ നീ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

രക്താങ്കിതരുടെ സ്വർഗ്ഗിയ രാജ്ഞി,
വന്ദ്യന്മാരുടെ നിർമ്മല റാണി
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

ജപമാലാർപ്പിത രാജ്ഞി കർമ്മല,
സഭയുടെ റാണി അമലോത്ഭവയേ
ഞങ്ങൾക്കായി നിത്യം, പ്രാർത്ഥിച്ചീടണമേ.

പാരിൻ പാപം നീക്കും ദൈവിക,
കുഞ്ഞാടാകും മിശിഹാ നാഥാ
പാപങ്ങൾ നിത്യം, മോചിച്ചീടണമേ.

പാരിൻ പാപം നീക്കും ദൈവിക,
കുഞ്ഞാടാകും മിശിഹാ നാഥാ
പ്രാർത്ഥനകൾ നിത്യം, കൈക്കൊണ്ടീടണമേ.

പാരിൻ പാപം നീക്കും ദൈവിക,
കുഞ്ഞാടാകും മിശിഹാ നാഥാ
ഞങ്ങളിലെന്നെന്നും, കൃപചെയ്തീടണമേ.

---

## ലുത്തിനിയായ്ക്കു ശേഷം

സർവ്വേശ്വരന്റെ പുണ്യപൂർണ്ണയായ മാതാവേ, ഇതാ അങ്ങയുടെ പക്കൽ ഞങ്ങൾ അഭയം തേടുന്നു. ഞങ്ങളുടെ ആവശ്യനേരത്തു ഞങ്ങളുടെ യാചനകൾ അങ്ങു നിരസിക്കല്ലേ. ഭാഗ്യവതിയും ആശീർവ്വദിക്കപ്പെട്ടവളുമായ അമ്മേ, സകല ആപത്തുകളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക്
ഞങ്ങൾ യോഗ്യരാകുവാൻ,

സർവ്വേശ്വരന്റെ പരിശുദ്ധ ദൈവമാതാവേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

### പ്രാർത്ഥിക്കാം

കർത്താവേ, പൂർണ്ണഹൃദയത്തോടുകൂടെ സാഷ്ടാംഗം പ്രണമിക്കുന്ന ഈ സമൂഹത്തെ തൃക്കൺപാർത്ത്, എപ്പോഴും കന്യകയായിരിക്കുന്ന പരിശുദ്ധ മറിയത്തിന്റെ അപേക്ഷയാലേ, സകല ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ. ഈ അപേക്ഷകളൊക്കെയും, ഞങ്ങളുടെ കർത്താവീശോമിശിഹായുടെ യോഗ്യതകളെക്കുറിച്ച്, ഞങ്ങൾക്കു കൽപ്പിച്ചു തന്നരുളേണമേ. ആമ്മേൻ.

### പരിശുദ്ധ രാജ്ഞി

കരുണയുടെ മാതാവേ സ്വസ്തി. ഞങ്ങളുടെ ജീവനും മാധുര്യവും ശരണവുമേ സ്വസ്തി. ഹവ്വായുടെ പുറംതള്ളപ്പെട്ട മക്കളായ ഞങ്ങൾ അങ്ങേപ്പക്കൽ നിലവിളിക്കുന്നു. കണ്ണുനീരിന്റെ ഈ താഴ്‌വരയിൽനിന്ന് വിങ്ങിക്കരഞ്ഞ് അങ്ങേപ്പക്കൽ ഞങ്ങൾ നെടുവീർപ്പെടുന്നു. ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥേ, അങ്ങയുടെ കരുണയുള്ള കണ്ണുകൾ ഞങ്ങളുടെ നേരെ തിരിക്കണമെ. ഞങ്ങളുടെ ഈ പ്രവാസത്തിനു ശേഷം അങ്ങയുടെ ഉദരത്തിന്റെ അനുഗ്രഹീത ഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചു തരണമെ. കരുണയും വാത്സല്യവും മാധുര്യവും നിറഞ്ഞ മറിയമേ ആമ്മേൻ.

### പ്രാർത്ഥിക്കാം


സർവ്വശക്തനും നിത്യനുമായിരിക്കുന്ന സർവ്വേശ്വരാ, ഭാഗ്യവതിയായിരിക്കുന്ന മറിയത്തിന്റെ ആത്മാവും ശരീരവും / റൂഹാദക്കുദിശായുടെ അനുഗ്രഹത്താലെ / അങ്ങേ ദിവ്യപുത്രനു യോഗ്യമായ പീഠമായിരിപ്പാൻ പൂർവ്വികമായി അങ്ങു നിയമിച്ചുവല്ലോ. ഈ ദിവ്യമാതാവിനെ നിനച്ചു സന്തോഷിക്കുന്ന ഞങ്ങൾ / അവരുടെ അനുഗ്രഹമുള്ള അപേക്ഷയാലെ / ഈ ലോകത്തിലുള്ള സകല ആപത്തുകളിലും / നിത്യമരണത്തിലും നിന്നു രക്ഷപെടുവാൻ കൃപ ചെയ്യണമെ. ഈ അപേക്ഷകളെല്ലാം / ഞങ്ങളുടെ കർത്താ വീശോമിശിഹായുടെ യോഗ്യതകളെക്കുറിച്ച് / ഞങ്ങൾക്കു കൽപ്പിച്ചരുളണമെ. ആമ്മേൻ.

### എത്രയും ദയയുള്ള മാതാവേ

എത്രയും ദയയുള്ള മാതാവേ, നിന്റെ സങ്കേതമായി ഓടി വന്ന്, നിന്റെ സഹായം തേടി, നിന്റെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചതായി ലോകത്തിൽ കേട്ടിട്ടില്ല എന്നു നീ ഓർക്കണമെ. കന്യകകളുടെ രാജ്ഞിയായ കന്യകയേ ദയയുള്ള മാതാവേ, ഈ വിശ്വാസത്തിൽ ധൈര്യപ്പെട്ട് നിന്റെ തൃപ്പാദത്തുങ്കൽ ഞാൻ അണയുന്നു. നെടുവീർപ്പെട്ട് കണ്ണുനീർ ചിന്തി പാപിയായ ഞാൻ നിന്റെ ദയാധിക്യത്തെ കാത്തുകൊണ്ട് നിന്റെ സന്നിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിന്റെ മാതാവേ, എന്റെ അപേക്ഷ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളണമെ. ആമ്മേൻ.

## കരുണക്കൊന്ത

***(കരുണയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന)***




കരുണാനിധിയായ ദൈവമേ, പാപികളായ ഞങ്ങളോടു കരുണ തോന്നണമെ. ഞങ്ങളും ഞങ്ങളുടെ മാതാപിതാക്കളും / സഹോദരങ്ങളും മക്കളും ബന്ധുക്കളും / മിത്രങ്ങളും ശത്രുക്കളും / പൂർവ്വികരും ഞങ്ങളുടെ കുടുംബവും / ഞങ്ങളുടെ ഇടവകാംഗങ്ങളും / ലോകമെമ്പാടുമുള്ള അങ്ങയുടെ മക്കളുംവഴി / വന്നുപോയിട്ടുള്ള എല്ലാ തെറ്റുകളും കുറ്റങ്ങളും അപരാധങ്ങളും / ഞങ്ങളോടു ക്ഷമിക്കണമെ. അവിടുത്തെ പീഡാസഹനവും കുരിശുമരണവുമോർത്ത് / ഞങ്ങളോടു കരുണ തോന്നണമെ. ഞങ്ങളെ ശിക്ഷിക്കരുതെ. ഞങ്ങളുടെ മേൽ ഉയർന്നുനിൽക്കുന്ന / ശിക്ഷയുടെ കരങ്ങളെ പിൻവലിക്കണമെ. ഞങ്ങളിലുള്ള പൈശാചിക പ്രവർത്തനങ്ങളെ തകർക്കണമെ. അങ്ങു ഞങ്ങൾക്കു വേണ്ടി ചിന്തിയ / വിലയേറിയ തിരുരക്തത്താൽ / ഞങ്ങളെ കഴുകി ശുദ്ധീകരിക്കണമെ. ആ തിരുരക്തം ബലമുള്ള കോട്ടയായിനിന്ന് അങ്ങയുടെ രക്ഷാമാർഗ്ഗത്തിലേയ്ക്ക് ഞങ്ങളെ നയിക്കണമെ.

അങ്ങയുടെ അരൂപിയാൽ ഞങ്ങളെ നിറക്കണമെ;
അഭിഷേകം ചെയ്യണമെ.

*(മൂന്നു പ്രാവശ്യം).*

സ്നേഹപിതാവായ ദൈവമേ / മാതാപിതാക്കളും മക്കളും സഹോദരങ്ങളും / ഞങ്ങളുടെ സമൂഹത്തിലുള്ളവരും തമ്മിൽ / വെറുപ്പിലും വൈരാഗ്യത്തിലും ജീവിക്കുവാൻ / തന്ത്രപൂർവ്വം നടത്തുന്ന അന്ധകാര ശക്തികളെ / ഞങ്ങളിൽ നിന്നും നീക്കി / അങ്ങയുടെ പരിശുദ്ധാത്മാവുകൊണ്ട് / ഞങ്ങളെ നിറയ്ക്കണമെ. അങ്ങയുടെ സ്നേഹത്തിലും ഐക്യത്തിലും / സമാധാനത്തിലും ജീവിക്കുവാൻ / ഞങ്ങളെ യോഗ്യരാക്കണമെ. ശത്രുക്കളെ സ്നേഹിക്കുവാൻ പഠിപ്പിച്ച യേശുവേ / ഞങ്ങളെ വേദനിപ്പിച്ചിട്ടുള്ളവരോട് / നിരുപാധികം ക്ഷമിക്കുവാൻ / അവരെ സ്നേഹിക്കുവാൻ / അവർക്ക് നന്മ ചെയ്യുവാൻ / ഞങ്ങളെ യോഗ്യരാക്കണമെ. അങ്ങയുടെ ദിവ്യസ്നേഹംകൊണ്ട് / ഞങ്ങളെ നിറയ്ക്കണമെ. അങ്ങയുടെ സ്നേഹിക്കുന്ന, ക്ഷമിക്കുന്ന, സഹിക്കുന്ന പങ്കുവെയ്ക്കലിന്റെ ഹൃദയത്തെ / ഞങ്ങളിൽ പകർത്തണമെ. കർത്താവേ, ഞങ്ങൾ മുഖാന്തരം / ആരെങ്കിലും മുറിവേൽക്കുവാൻ ഇടവന്നിട്ടുണ്ടെങ്കിൽ / അവർക്ക് ഞങ്ങളോടു ക്ഷമിക്കുവാനുള്ള കൃപ കൊടുക്കണമെ.

1സ്വർ... 1നന്മ...

നിത്യപിതാവേ എന്റെയും ലോകമൊക്കെയുടെയും പാപങ്ങൾക്കു പരിഹാരമായി / അങ്ങയുടെ വത്സല സുതനും / ഞങ്ങളുടെ രക്ഷകനുമായ ഈശോമിശിഹായുടെ / ശരീരരക്തങ്ങളും ദൈവത്വവും / അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്നു.

ഈശോയുടെ ഏറ്റവും വ്യാകുലം നിറഞ്ഞ പീഡാനുഭവങ്ങളെക്കുറിച്ച്,

ഞങ്ങളുടെയും ലോകമൊക്കെയുടെമേലും കരുണയായിരിക്കണമെ.

*(10 പ്രാവശ്യം)*

**(പകരം ഗാനം): ഈശോയുടെ ...**

ഈശോയുടെ അതിദാരുണമാം
പീഡാസഹനങ്ങളെ ഓർത്തെന്നും
പിതാവേ, ഞങ്ങളുടെയും
ലോകം മുഴുവന്റെമേൽ
കരുണയുണ്ടാകേണമേ.

നിത്യപിതാവേ ...
ഈശോയുടെ ...

*(അഞ്ചു തവണ)*

പരിശുദ്ധനായ ദൈവമേ പരിശുദ്ധനായ ബലവാനേ പരിശുദ്ധനായ അമർത്യനേ ഞങ്ങളുടെമേൽ കരുണയായിരിക്കണമെ.

*(മൂന്നു പ്രാവശ്യം)*

## കുടുംബ പ്രതിഷ്ഠ

ക്രിസ്തീയ കുടുംബങ്ങളിൽ വാഴുവാനുള്ള ആഗ്രഹം / ഭാഗ്യവതിയായ മർഗ്ഗരീത്താ മറിയത്തോട് അറിയിച്ച ഈശോയുടെ തിരുഹൃദയമേ, ഞങ്ങളുടെ ഈ കുടുംബത്തിന്മേലുള്ള അങ്ങേ പരമാധികാരം / ഇവിടെ പ്രഖ്യാപനം ചെയ്യുന്നതിനായി ഞങ്ങളിതാവരുന്നു. ഇപ്പോൾ തുടങ്ങി / അങ്ങേ ജീവിതം കഴിപ്പാൻ ഞങ്ങൾ മനസ്സാകുന്നു. അങ്ങുന്ന് ഈ ലോകത്തിൽ ഏതെല്ലാം സുകൃതങ്ങൾക്ക് സമാധാനം പറഞ്ഞിരിക്കുന്നുവോ / ആ സുകൃതങ്ങൾ ഈ കുടുംബത്തിൽ പുഷ്ടിയായി വളരുന്നതിന് / ഞങ്ങൾ ആഗ്രഹിക്കുന്നു. അങ്ങുന്നു ശപിച്ചിരിക്കുന്ന ലോകാരൂപിയെ /

ഞങ്ങളിൽ നിന്നും ദൂരത്തിൽ അകറ്റുന്നതിന് ഞങ്ങൾ താല്പര്യപ്പെടുന്നു. ഞങ്ങളുടെ വിശ്വാസത്തിന്റെ പരമാർത്ഥതവഴിയായി / അങ്ങുന്ന് ഞങ്ങളുടെ ബോധത്തിലും / അങ്ങേപ്രതി ജ്വലിച്ചെരിയുവാൻ തക്കവണ്ണം / ഞങ്ങളുടെ ഹൃദയത്തിലും വാഴേണമേ. ഈ സ്നേഹാഗ്നി ദിവ്യകാരുണ്യത്തെ / കൂടെക്കൂടെ ഉൾക്കൊണ്ടുകൊണ്ട് / ഞങ്ങളിൽ അധികമധികം ഉജ്ജ്വലിക്കുന്നതിനിടയാകും. ഓ തിരുഹൃദയമേ, ഞങ്ങളുടെ സംഘങ്ങളിൽ / അങ്ങുന്ന് അഗ്രാസനം വഹിക്കുന്നതിനിടയാക്കണമെ. ഞങ്ങളുടെ ആത്മീകവും ലൗകീകവുമായ കാര്യാദികളെ / അങ്ങുന്ന് ആശീർവ്വദിക്കേണമെ. ഞങ്ങളിൽ നിന്ന് സകലവിധ ആകുല ചിന്തകളേയും / അങ്ങുന്ന് അകറ്റേണമെ. ഞങ്ങളുടെ സന്തോഷങ്ങളെ / അങ്ങുന്ന് ശുദ്ധീകരിക്കേണമെ. പീഡകളെ അങ്ങുന്ന് ശമിപ്പിക്കേണമെ. ഞങ്ങളിൽ ആർക്കെങ്കിലും / അങ്ങേ ഇഷ്ടക്കേടിൽ ഉൾപ്പെടുന്നതിനുള്ള നിർഭാഗ്യം / എപ്പോഴെങ്കിലും സംഭവിപ്പാൻ ഇടയായാൽ / ഓ പരിശുദ്ധ ഹൃദയമേ, അങ്ങുന്ന് മനഃസ്താപപ്പെടുന്ന പാപികളുടെ നേരെ / കരുണയും അനുഗ്രഹവും ഉള്ളവനാണെന്ന് ഓർക്കേണമെ. പിന്നെയും വേർപിരിയാനുള്ള മണിയടിക്കുകയും / മരണം ഞങ്ങളെ സന്താപനിമഗ്നരാക്കുകയും ചെയ്യുമ്പോൾ / ഞങ്ങളെല്ലാവരും മരിക്കുന്നവരും ജീവിച്ചിരിക്കുന്നവരും / അങ്ങേ നിത്യവിധിക്ക് ഒന്നുപോലെ അനുസരണയുള്ളവരായിരുന്നുകൊള്ളാം. ഈ കുടുംബാംഗങ്ങളെല്ലാവരും / മോക്ഷത്തിൽ ഒന്നിച്ചുചേർന്ന് / അങ്ങേ മഹത്വങ്ങളേയും ദാനങ്ങളേയും പാടി സ്തുതിക്കുന്നതിനായി / ഒരു ദിവസം വരുമെന്നുള്ള ശരണം / ഞങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്യും. മറിയത്തിന്റെ വിമല ഹൃദയവും പിതാവായ വിശുദ്ധ യൗസേപ്പും / ഈ പ്രതിഷ്ഠയെ അങ്ങേയ്ക്ക് കാഴ്ചവയ്ക്കുകയും / അതിന്റെ ഓർമ്മ / ഞങ്ങളുടെ ജീവിതത്തിൽ എപ്പോഴും അനുസ്മരിപ്പിക്കുകയും ചെയ്യട്ടെ. നമ്മുടെ രാജാവും നമ്മുടെ പിതാവുമായ / ഈശോയുടെ തിരുഹൃദയത്തിന് എപ്പോഴും സ്തുതിയുണ്ടായിരിക്കട്ടെ. ആമ്മേൻ.

### മനഃസ്തപ പ്രകരണം

എന്റെ ദൈവമേ ഏറ്റം നല്ലവനും / എല്ലാറ്റിനും ഉപരിയായി സ്നേഹിക്കപ്പെടുവാൻ യോഗ്യനുമായ / അങ്ങേയ്ക്കെതിരായി പാപം ചെയ്തു പോയതിനാൽ / പൂർണ്ണഹൃദയത്തോടെ ഞാൻ മനഃസ്തപിക്കുകയും / പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും / സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി / നരകത്തിനു അർഹനായി (അർഹയായി)ത്തീർന്നതിനാലും ഞാൻ ഖേദിക്കുന്നു. അങ്ങയുടെ പ്രസാദവര സഹായത്താൽ / പാപസാഹചര്യങ്ങളെ ഉപേക്ഷിക്കുമെന്നും / മേലിൽ പാപം ചെയ്യുകയില്ലെന്നും ദൃഢമായി ഞാൻ പ്രതിജ്ഞചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്യുക എന്നതിനേക്കാൾ / മരിക്കാനും ഞാൻ സന്നദ്ധനാ(യാ)യിരിക്കുന്നു. ആമ്മേൻ.

# KOODARA YOGAM
## (Tent Meeting)

**ALL**: In the name of the Father, and of the Son, and the Holy Spirit, Amen

### PART 1: THE ANGELUS

**LEADER:** The Angel of the Lord declared to Mary: And she conceived of the Holy Spirit.

**ALL:** Hail Mary, full of grace, / the Lord is with thee; / blessed art thou among women / and blessed is the fruit of thy womb, Jesus. Holy Mary, Mother of God, / pray for us sinners, / now and at the hour of our death. Amen.

**LEADER:** Behold the handmaid of the Lord: Be it done unto me according to Thy word.

**ALL:** Hail Mary, full of grace …

**LEADER:** And the Word was made Flesh: And dwelt among us.

**ALL:** Hail Mary, full of grace …

**LEADER:** Pray for us, O Holy Mother of God, that we may be made worthy of the promises of Christ.

Let us pray:

**ALL:** Pour forth, we beseech Thee, O Lord, / Thy grace into our hearts; / that we, to whom the incarnation of Christ, Thy Son, / was made known by the message of an angel, / may by His Passion and Cross / be brought to the glory of His Resurrection, / through the same Christ Our Lord. Amen.

### PART II
### EVENING PRAYERS

**LEADER:** Glory to God in the highest.

**ALL:** Amen.

**LEADER:** Peace and hope to people on earth, always and forever.

**ALL:** Amen.

**LEADER:** Our Father in heaven

**ALL:** Hallowed be thy name, thy kingdom come, thy will be done on earth / as it is in heaven. Give us this day the bread we need / and forgive us our debts and sins / as we have forgiven those who offended us. Do not let us fall into temptation, but deliver us from the evil one. For, Yours is the kingdom, the power and the glory, forever and ever. Amen.

Our Father in heaven, heaven and earth are full of Your glory. Angels and people sing out Your Glory; Holy, holy, holy are You.

**SER:** Let us pray. Peace be with us.

**LEADER:** Lord, our God! We praise you and worship you and thank you for all the favors you done for us. The Father, the Son, and the Holy Spirit, Lord of all forever.

**ALL**: Amen.

**PSLAMS 1**

*(Recite the following in two batches).*

Happy those who do not follow the counsel of the
wicked, nor go the way of sinners,
Nor sit in company with scoffers.

Rather, the law of the LORD is their joy;
God's law they study day and night.

They are like a tree planted near streams of water,
That yields its fruit in season.

Its leaves never wither;
Whatever they do prospers.

But not the wicked!
They are like chaff driven by the wind.

Therefore the wicked will not survive judgment,
nor will sinners in the assembly of the just.

The LORD watches over the way of the just,
but the way of the wicked leads to ruin.

**PSALM 8**

O LORD, our Lord,
How awesome is your name through all the earth!
You have set your majesty above the heavens!

Out of the mouths of babes and infants
You have drawn a defense against your foes,
To silence enemy and avenger.

When I see your heavens, the work of your fingers,
The moon and stars that you set in place.

What are humans that you are mindful of them,
Mere mortals that you care for them?

Yet you have made them little less than a god,
Crowned them with glory and honor.

You have given them rule over the works of your hands,
Put all things at their feet:

All sheep and oxen, even the beasts of the field,
The birds of the air, the fish of the sea,
and whatever swims the paths of the seas.

**PSALM 23**

The LORD is my shepherd; there is nothing I lack.
In green pastures you let me graze;
To safe waters you lead me;

You restore my strength.
You guide me along the right path
For the sake of your name.

Even when I walk through a dark valley,
I fear no harm for you are at my side;
Your rod and staff give me courage.

You set a table before me as my enemies watch;
You anoint my head with oil; my cup overflows.

Only goodness and love will pursue me
all the days of my life;
I will dwell in the house of the LORD for years to come.

**PSALM 25**

I wait for you, O LORD; I lift up my soul to my God.

In you I trust; do not let me be disgraced;
Do not let my enemies gloat over me.

No one is disgraced who waits for you,
But only those who lightly break faith.

Make known to me your ways, LORD;
teach me your paths.

Guide me in your truth and teach me,
For you are God my savior.

For you I wait all the long day,
because of your goodness, LORD.

Remember your compassion and love,
O LORD; for they are ages old.

Remember no more the sins of my youth;
Remember me only in light of your love.

Good and upright is the LORD,
Who shows sinners the way,

Guides the humble rightly,
And teaches the humble the way.

All the paths of the LORD are faithful love
Toward those who honor the covenant demands.

For the sake of your name, LORD,
Pardon my guilt, though it is great.

Who are those who fear the LORD?
God shows them the way to choose.

They live well and prosper,
And their descendants inherit the land.

The counsel of the LORD belongs to the faithful;
The covenant instructs them.

My eyes are ever upon the LORD,
Who frees my feet from the snare.

Look upon me, have pity on me,
For I am alone and afflicted.

Relieve the troubles of my heart;
Bring me out of my distress.

Put an end to my affliction and suffering;
Take away all my sins.

See how many are my enemies,
See how fiercely they hate me.

Preserve my life and rescue me;
Do not let me be disgraced, For I trust in you.

Let honesty and virtue preserve me;
I wait for you, O LORD.

Glory be to the Father, to the Son,
And to the Holy Spirit.

From the beginning is now,
And ever shall be world without end, Amen

**LEADER:** Lord our God, mercifully hear these prayers of us sinners, and accept it as our evening prayer. We offer you our soul and body. Bless us by forgiving our sins. Lead us ever through everlasting light. The Father, the Son, and the Holy Spirit, Lord of all forever.

**ALL**: Amen.

**SONG:**

Savadipanam Karthave,
Ninne vanaginnamikkunnu
Iso Nadha vinayamode,
Ninne Namichu pukazhthunnu.
Mathyanu Nithya Mahonnathama,
Uthanam Ni Arulunnu
Akshaya mavanute almavin,
Uthamya rakshyum eekunnu.

**LEADER:** My Lord, You are truly the one who raises our bodies. You are the savior of our souls / and the preserver of our lives. We are bound always to thank, adore, and glorify You, / the Lord of all, forever.

**ALL:** Amen.

**SONG:**

Sabda muyarthi paadiduvin,
Sarvaru monnai paadiduvin
Ennennum jeevikum,
Sarveswarane vaazhthiduvin.

Paripavananaam sarveesaa,
Paripaavananam balavaane
Paripavananaam amarthyane,
Nin krupa njangalkeekname.

**LEADER:** Glorious, Mighty, Immortal, and Holy God! You who are pleased to dwell in the holy ones! We beseech You! Look upon us, pardon us, and show us compassion / according to Your nature. The Father, the Son, and the Holy Spirit. The Lord of all, forever.

**ALL:** Amen.

**FIRST READING**

**READER**: Brothers and sisters, a reading from the letter of St. ……. to the …...

*(READ FROM THE ANY PART OF NEW TESTAMENT OF THE BIBLE OTHER THAN THE FOUR GOSPELS).*

*(At the end of the reading)*

**ALL:** Praise be to the Lord, our God.

**SONG:** (ALL STAND)

Halleelooyaa Padeedunnen
Halleelooyaa, halleelooyaa

Nalloraasaya menmanathaaril
Vannu niranju thulumpeedunnu

Raajaavin thirumunpil kiirthana
Madhuvay njanathozhukkeetatte

Eettamanugraha purithanam kavi
Than thoolikapolen naavippol

Thaathanumathupol Suthanum
Parisudhathmaavinum Sthuthiyuyaratte

Aadimuthalkee yinnum nithyavu
Maayi bhavichiitatte, Aammen

Halleelooyaa Padeedunnen
Halleelooyaa, halleelooyaa

## GOSPEL READING

**READER:** The Holy Gospel of our Lord Jesus Christ, proclaimed by St. …..

**ALL:** Glory to You Christ, Our Lord.

*(Read from one of the gospels).*

*(At the end of the reading)*

**ALL:** Glory to You, Christ, our Lord.

(ALL SIT)

## GENERAL INTERCESSIONS

*(All take turn to recite the following prayers).*

**01**: Let us all stand in joy and cheerfulness and pray: "Lord, hear our prayer".

**ALL:** Lord, hear our prayer.

**02**: Lord, who sent the apostles / to proclaim the good news of salvation to the world, bless abundantly the head of the Universal Church, our Holy Father …..; Major Archbishop …..; our bishop Mar ….., and all other bishops, and all missionaries / with gifts of the Holy Spirit, we pray to the Lord.

**ALL:** Lord, hear our prayer.

**03**: Lord, who taught us to proclaim the Gospel to the poor; bless us to live according to the Gospel / and become witnesses to your truth. We pray to the Lord.

**ALL:** Lord, hear our prayer.

**04**: Lord, bless our nation with missionaries / who may be willing to die with You as St. Thomas, the Father of our faith. We pray to the Lord.

**ALL:** Lord, hear our prayer.

**SER**: Lord, bless those who are working at various walks of life / to become missionaries of love and service / through the gift of the Holy Spirit, we pray to the Lord.

**ALL:** Lord, hear our prayer.

**05**: Lord, send forth your Holy Spirit / to strengthen those who are distressed / that they may offer their life and sacrifice / along with your sacrifice. We pray to the Lord.

**ALL:** Lord, hear our prayer.

**06**: Give the strength to Your Church, that You have redeemed with Your holy blood / and promoted with the blood of the martyrs, to overcome difficulties and oppositions / and to successfully execute its mission. We pray to the Lord.

**ALL:** Lord, hear our prayer.

**07**: Give your people the goodwill / to think with the Church / and participate in its activities / to the best of their ability. We pray to the Lord.

**ALL:** Lord, hear our prayer.

**08**: Promote understanding and unity / among the various Churches / and strengthen them in the only true faith. We pray to the Lord.

**ALL:** Lord, hear our prayer.

**09**: Lord, respecting the law and the prophets, You have completed all the precepts. Give us the courage to see You in our superiors / and to obey their orders, we pray to the Lord.

**ALL:** Lord, hear our prayer.

**10**: Help us to minister to You all our lives / with the zeal of Elijah / and the bravery of Moses, we pray to the Lord.

**ALL:** Lord, hear our prayer.

**11**: Lord, You transfigured Yourself at the Mount of Tabor / and counseled Your disciples who got scared. Make us worthy to receive You with joy / when You appear in glory / on the day of the last judgment, we pray to the Lord.

**ALL:** Lord, hear our prayer.

**12:** Lord, teach our political leaders / to give up violence / and lead the world in love and tolerance / in the way of peace, we pray to the Lord.

**ALL:** Lord, hear our prayer.

**13**: Lord our hope and resurrection, make us worthy to line up on Your right side / on the day You appear in glory / in the skies with the sign of the cross, we pray:

**ALL:** Lord, hear our prayer.

**14**: That all our brethren who passed away / in the hope of resurrection / may be made worthy to participate / in the glory of the resurrection of Jesus Christ: .

**ALL:** Lord, hear our prayer.

**15**: That our brethren / who were nourished by the Body and Blood of Christ / and who embraced the eternal sleep of death / may be given eternal life:

**ALL:** Lord, hear our prayer.

**16**: That we may be given the grace / to rise up at the last judgment day / with a radiance excelling that of the sun:

**ALL:** Lord, hear our prayer.

**17**: That we may be enabled to arrive at the heavenly joy / that has been prepared for the just / from the beginning of the world:

**ALL:** Lord, hear our prayer.

**18:** Let us commend ourselves and one another / to the Father, the Son, and the Holy Spirit.

**ALL:** Lord, Our God, we commend ourselves to You.

**LEADER:** Lord, who sent your Holy Spirit / to fill the apostles with the Spirit of the Holy Gospel, bless this congregation / with the gifts of Your Holy Spirit / so that we all may bear witness to You as missionaries. Bless us to grow in mutual love and unity, and to live a life proper to your followers.

**ALL:** Amen.

## ROSARY

*(Optional for Koodara Yogam.*
*Recite at least one decade as time permits).*

### The Apostles Creed

I believe in God, the Father Almighty. Creator of heaven and earth; and in Jesus Christ, His only son, our Lord, who was conceived by the Holy Spirit, born of the Virgin Mary, suffered under Pontius Pilate, was crucified, died and was buried. He descended into hell; on the third day He rose again from the dead; He ascended into heaven, sits at the right hand of God, the Father Almighty; from there He shall come to judge the living and the dead. I believe in the Holy Spirit, the holy Catholic Church, the communion of saints, the forgiveness of sins; the resurrection of the body, and the life everlasting. Amen.

Our Father (1) Hail Mary (3) Glory be (1)

**O my Jesus,** forgive us our sins, save us from the fire of hell, and lead all souls to heaven, especially, those who are in most need.

## THE JOYFUL MYSTERIES

**First mystery :** The Annunciation
**Fruit** : Humility
Our Father (1) Hail Mary (10) Glory be (1)

**ALL:** O my Jesus, have mercy on us. Forgive us our sins. Save us from the fires of hell. Take all souls into heaven, especially, those most in need of thy mercy. Amen.

**Second mystery** : The Visitation
**Fruit** : Fraternal Charity
Our Father (1) Hail Mary (10) Glory be (1)
O my Jesus ...

**Third mystery :** The Nativity
**Fruit** : Spirit of Poverty
Our Father (1) Hail Mary (10) Glory be (1)
O my Jesus ...

**Fourth mystery** : The Presentation
**Fruit** : Obedience
Our Father (1) Hail Mary (10) Glory be (1)
O my Jesus ...

**Fifth mystery** : The finding of Jesus in the Temple
**Fruit** : Earnest seeking for Jesus
Our Father (1) Hail Mary (10) Glory be (1)
O my Jesus ...

## THE SORROWFUL MYSTERIES

**First Mystery** : The Agony in the garden
**Fruit** : Sorrow for our sins
Our Father (1) Hail Mary (10) Glory be (1)
O my Jesus ...

**Second Mystery** : The Scourging
**Fruit** : Love for sufferings
Our Father (1) Hail Mary (10) Glory be (1)
O my Jesus ...

**Third Mystery** : The Crowning with thorns
**Fruit** : Mortification of self-love
Our Father (1) Hail Mary (10) Glory be (1)
O my Jesus ...

**Fourth Mystery** : The carrying of the Cross

**Fruit** : Patience in tribulation

Our Father (1) Hail Mary (10) Glory be (1)
O my Jesus ...

**Fifth Mystery :** The Crucifixion

**Fruit** : Self sacrifice for God and for our neighbor

Our Father (1) Hail Mary (10) Glory be (1)
O my Jesus ...

### THE GLORIOUS MYSTERIES

**First Mystery** : The Resurrection

**Fruit** : Amendment of life

Our Father (1) Hail Mary (10) Glory be (1)
O my Jesus ...

**Second Mystery** : The Ascension

**Fruit** : Hope for heaven

Our Father (1) Hail Mary (10) Glory be (1)
O my Jesus ...

**Third Mystery** : The descent of the Holy Spirit

**Fruit** : Co-operation with divine grace

Our Father (1) Hail Mary (10) Glory be (1)
O my Jesus ...

**Fourth Mystery** : Assumption of the Blessed Virgin Mary

**Fruit** : Perseverance

Our Father (1) Hail Mary (10) Glory be (1)
O my Jesus ...

**Fifth Mystery** : The Coronation of the Blessed Virgin Mary

**Fruit** : Filial devotion to Mary

Our Father (1) Hail Mary (10) Glory be (1)
O my Jesus ...

---

**ALL:** Hail Holy Queen, Mother of Mercy, our life our sweetness and our hope. To you do we cry, poor banished children of Eve; To you do we send up our sighs, mourning and weeping in this valley of tears. Turn then, most gracious advocate, your eyes of mercy toward us and after this our exile show unto us the blessed fruit of thy womb, Jesus. O clement, O loving, O sweet Virgin Mary!

**LEADER**: Pray for us, O Holy Mother of God.

**ALL:** That we may be made worthy of the promises of Christ.

**LEADER**: Let us pray.

**ALL:** O God, by the life, death and resurrection of Your only begotten Son, You purchased for us the rewards of eternal life; grant, we beseech You / that while meditation on these mysteries of the Holy rosary, we may imitate / what they contain and obtain what they promise. Through the same Christ our Lord. Amen.

## Prayer for the Dead

**ALL:** God our Father, Your power brings us to birth, Your providence guides our lives, and by Your command we return to dust.

Lord, those who die still live in Your presence, their lives change but do not end. I pray in hope for my family, relatives and friends, and for all the dead known to You alone.

In company with Christ, Who died and now lives, may they rejoice in Your kingdom, where all our tears are wiped away. Unite us together again in one family, to sing Your praise forever and ever. Amen.

### THE CHAPLET OF DEVINE MERCY

**ALL:** Eternal Father, I offer You the Body and Blood / Soul and Divinity of / Your dearly beloved Son, Our Lord Jesus Christ, in atonement for our sins / and those of the whole world.

For the sake of His sorrowful Passion, have mercy on us and on the whole world.

*(Recite this ten times).*

Holy God, Holy Mighty One, Holy Immortal One, have mercy on us and on the whole world.

*(Three times).*

**SONG:** Nithya Sahaya maathee,
Prarthikka njangalakkayi
Nin makkal njangalkaayi ni,
Prathika sneha nathe

Nirunna manasangal,
Ayira mayirangal
Kannirin thazhvarayil,
Ninnitha kezhunnamme

Kelakkane rodanangal,
Nalkane nal varangal
Nin diya soonuvingal,
Cherkane njangale ni.

**ALL:** In the name of the Father, and of the Son, and the Holy Spirit. Amen.

KNANAYA CATHOLIC MISSION / SACRED HEART KNANAYA CATHOLIC PARISH
ACCOUNT NUMBER 010020

5212 W. AGATITE AVE
CHICAGO, IL 60630
773-412-6254

CONTACT: FR. ABRAHAM MUTHOLAH 773-412-6254

SOFTWARE
MS Publisher 2007
Adobe Acrobat 7.0 Professional
Windows XP Professional

NUMBER OF PAGES SENT: **32 pages**

This is an additional service
SPECIAL INSTRUCTIONS: All pages are black and white.
This page (33) is to be excluded from printing.

NUMBER OF COPIES: **1,200 (One Thousand Two Hundred only)**